VYAVASAYA KERALAM September 2018

# വ്യവസായ കേരളം

Volume 51 Issue 4

## തിരിച്ച് പിടിക്കണം
## വ്യവസായ– വാണിജ്യ മേഖലയെ



കേരളത്തിലെ പ്രളയം–
**വ്യവസായ സംരംഭകർക്കുള്ള അവസരങ്ങളുടെ പെരുമഴ**

കോടികളുടെ
പ്രവർത്തനലാഭവുമായി
**കാംകോ**

# Hanna
## Poly Product

**Manufactures & Exporters of**
**Plastic Industrial Cans Ranging From**
**5 ltr to 60 ltr...**




**Maleshamangalam, Thiruvilwamala,**
**Thrissur, Kerala. Pin: 680 588**
**Mob: 9048010401, 9809072072**
**04884 283893**

**email: hannapolyproduct@gmail.com**

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

സെപ്റ്റംബർ 2018 പുസ്തകം51 ലക്കം 4
September 2018 Volume 51 Issue 4

22 കോടികളുടെ പ്രവർത്തനലാഭവുമായി
**കാംകോ**
മനോജ് മാതിരപ്പള്ളി

06 കേരളത്തിലെ പ്രളയം– വ്യവസായ സംരംഭകർക്കുള്ള അവസരങ്ങളുടെ പെരുമഴ
ഡോ. ശചീന്ദ്രൻ വി.

12 തിരിച്ച് പിടിക്കണം വ്യവസായ– വാണിജ്യ മേഖലയെ
റ്റി. എസ്. ചന്ദ്രൻ

16 മാറുന്ന ലോകവും മാറുന്ന ബിസിനസും
സുധീർ ബാബു

28 നാളികേരം – ചില യാഥാർത്ഥ്യങ്ങൾ
ആർ. ഹേലി

33 സ്റ്റീൽ സ്ക്രബർ നിർമ്മാണം
ബൈജു നെടുങ്കേരി

36 വ്യവസായ സഹകരണ സംഘങ്ങൾ അടിസ്ഥാനരേഖകൾ
എഴുമാവിൽ രവീന്ദ്രനാഥ്

40 ലോകം വെയറബിൾ ഇലക്ട്രോണിക്സിന് പിന്നാലെ
ലോറൻസ് മാത്യു






# കരുത്തോടെ ദുരന്തത്തെ നേരിടാം

**ചീഫ് എഡിറ്റര്‍**
കെ. ബിജു ഐ.എ.എസ്
ഡയറക്ടര്‍, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റര്‍**
ബൈജു ആര്‍.എസ്.

**കവര്‍, ഡിസൈന്‍ & ലേഔട്ട്**
ദീപക് മൗത്താട്ടില്‍

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയല്‍ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷന്‍ സെന്റര്‍
ഡി.ഐ.സി. ബില്‍ഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോണ്‍:** 0471 2322789
**ഇമെയില്‍-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org

**പ്രതിനിധികള്‍-**
- **തിരുവനന്തപുരം** : കെ. നാരായണന്‍കുട്ടി
- **കൊല്ലം** : കെ.ബി. ലങ്കേഷ്
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : ബി. സുരേഷ്
- **കോട്ടയം** : ലോറന്‍സ് മാത്യു
- **ഇടുക്കി** : രഞ്ജിത് ബാബു
- **എറണാകുളം** : പി. സ്വപ്ന
- **തൃശൂര്‍** : ആര്‍ സ്മിത
- **പാലക്കാട്** : എം.വി. ബൈജു
- **മലപ്പുറം** : എ. അബ്ദുള്‍ ലത്തീഫ്
- **കോഴിക്കോട്** : വി.ആര്‍. സിമി ചന്ദ്രന്‍
- **വയനാട്** : ടി.ആര്‍. ബാബുരാജ്
- **കണ്ണൂര്‍** : ഇ.ആര്‍. നിധിന്‍
- **കാസര്‍ഗോഡ്** : കെ. പീതാമ്പരന്‍

**അഡ്മിനിസ്ട്രേറ്റീവ് സപ്പോര്‍ട്ട്**
ഷബീര്‍ എം.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
ആശാലത ടി.,
അരുണ്‍ വി.എന്‍., നിഷ,
വിപിന്‍ വി.എസ്.,
ബേബി. വൈ
രാമകൃഷ്ണന്‍ എഴുത്തച്ഛന്‍

ലേഖകരുടെ അഭിപ്രായങ്ങള്‍
സര്‍ക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകര്‍ക്ക് മാത്രമാണ്.

പ്രളയം, കേരളത്തെ ചരിത്രത്തിലെ ഏറ്റവും കടുത്ത പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. പ്രകൃതിദുരന്തം ഇതിനകം സൃഷ്ടിച്ചുകഴിഞ്ഞ നാശനഷ്ടങ്ങളുടെ വൈപുല്യം സംസ്ഥാനത്തിന്റെ നട്ടെല്ലുതന്നെയാണ് തകര്‍ത്തിട്ടുള്ളത്. ഒരു നവകേരളം സൃഷ്ടിക്കാന്‍ സാധാരണ യത്നങ്ങളൊന്നും മതിയാകില്ല. പതിനായിരക്കണക്കിനു വീടുകളാണ് തകര്‍ന്നിട്ടുള്ളത്. റോഡുകള്‍ക്കും പാലങ്ങള്‍ക്കും ഉണ്ടായ നാശം എല്ലാ കണക്കുകൂട്ടലുകള്‍ക്കും അപ്പുറത്താണ്. സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയുടെ നഷ്ടം എത്രയാണെന്നത് സംബന്ധിച്ച് ഇനിയും റിപ്പോര്‍ട്ടുകള്‍ ലഭ്യമായിട്ടില്ല. ഈ മേഖലയെ പ്രളയം സാരമായി ബാധിച്ചു എന്നാണ് മനസ്സിലാക്കുന്നത്. ഇവരുടെ സ്ഥലം, കെട്ടിടം, മെഷിനറികള്‍, സ്റ്റോക്ക് പൂര്‍ണമായോ ഭാഗികമായോ നഷ്ടമായിരിക്കുന്നു.



**കെ. ബിജു,** ഐ.എ.എസ്
ഡയറക്ടര്‍, വ്യവസായ വാണിജ്യ വകുപ്പ്

പേമാരിയുടെയും പ്രളയത്തിന്റെയും നാടല്ല കേരളം, കൂട്ടായ്മയുടെയും കരുണയുടെയും കരുതലിന്റെയുമാണ്. ഒരു കാല്‍വയ്പ് പോലും പതറാതെ, ആത്മവിശ്വാസത്തിന്റെ കൈപിടിച്ചു നമുക്ക് മുന്നോട്ടു നീങ്ങാം. നഷ്ടപ്പെട്ടതെല്ലാം തിരിച്ചു പിടിക്കണം. ലഭ്യമാകുന്ന സഹായങ്ങളും സമ്പാദ്യങ്ങളും ഉപയോഗിച്ച് ഉല്പാദന- വിപണന പ്രവര്‍ത്തനങ്ങള്‍ പുനരാരംഭിക്കാന്‍ അമാന്തിക്കരുത്. ഒരു പ്രളയത്തിനും തങ്ങളിലുള്ള സംരംഭകത്വത്തെ തളര്‍ത്താനാകില്ല എന്ന ചിന്തയുണ്ടാകണം. ഒഴുക്കിന് അനുകൂലമായി നീന്തുവാന്‍ ആര്‍ക്കും സാധിക്കും. പ്രതിബന്ധങ്ങളെ തരണം ചെയ്ത് മുന്നോട്ട് പോകുന്നവനാണ് സംരംഭകന്‍ എന്ന് തിരിച്ചറിയണം.

പ്രളയത്തിന് ഈ നാടിനെ തോല്‍പിക്കാനാവില്ലെന്ന ആത്മധൈര്യം നമ്മുടെ കൂട്ടായ്മയുടെ വഴിവെളിച്ചവും ആത്മവിശ്വാസവുമാകട്ടെ. ഒരുമയാണ് ഈ മഹാദുരന്തത്തെ ഉള്ളംകൈയിലെന്ന പോലെ ഒതുക്കിയെടുക്കാന്‍ നമ്മുടെ സംസ്ഥാനത്തിന് സഹായകമാകുന്നത്. ആ ഒരുമ എന്നും കാത്തുസൂക്ഷിക്കാനായാല്‍ ഏത് പ്രതിസന്ധിയെയും നമുക്ക് നേരിടാമെന്നും നാടിനെ വികസനത്തിന്റെ കുതിപ്പുകളിലേയ്ക്ക് നയിക്കാനാകുമെന്ന പാഠവും കൂടിയാണ് മഹാപ്രളയം നമ്മെ ഓര്‍മിപ്പിക്കുന്നത്. പ്രളയാനന്തരം ഉള്ള നവകേരള സൃഷ്ടിക്ക് വ്യവസായ വാണിജ്യ വകുപ്പിന്റെ എല്ലാ സഹായ സഹകരണവും സംരംഭകര്‍ക്കും പൊതുസമൂഹത്തിനും വാഗ്ദാനം ചെയ്തുകൊള്ളുന്നു.

**ചീഫ് എഡിറ്റര്‍**

# ദുരന്തങ്ങളിൽ തകർന്നവരല്ല, അതിനെ അതിജീവിച്ച് കുതിക്കുന്നവരാകണം നാം

നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള ഉറച്ച ചുവടുകളോടെ ആയിരുന്നു ഈ സർക്കാർ മൂന്നാം വർഷത്തിലേക്ക് പ്രയാണം ആരംഭിച്ചിരുന്നത്. കേരളത്തിലെ വ്യവസായ വാണിജ്യ മേഖലകളുടെ വളർച്ചയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും ഉപഭോഗ സംസ്ഥാനം എന്നതിൽ നിന്നും മാറ്റി ഉൽപാദന- വിപണന സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനുള്ള നിരവധി നയപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സന്ദർഭത്തിലാണ് കേരളം ഇതേവരെ ദർശിച്ചിട്ടില്ലാത്ത ഭീകര പ്രളയത്തെ അഭിമുഖീകരിക്കേണ്ടിവന്നത്. അസാധാരണവും അപൂർവവുമായ ഈ ദുരന്തത്തെ ഐതിഹാസികവും ഐക്യത്തോടെയുമുള്ള രക്ഷാപ്രവർത്തനത്തിലൂടെയാണ് സർക്കാർ കൈകാര്യം ചെയ്തിട്ടുള്ളത്. പോലീസിന്റെയും സൈന്യത്തിന്റെയും ഫയർ ഫോഴ്സിന്റെയും ദുരന്ത നിവാരണ സേനയുടെയും സാധാരണ ജനങ്ങളുടെയും കടൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെയും ത്യാഗസന്നദ്ധമായ രക്ഷാ പ്രവർത്തനങ്ങളിലൂടെയാണ് ഇവ സാധ്യമായത്. സർക്കാരിന്റെ കൂട്ടായ ഏകോപനത്തിലൂടെ നടത്താൻ കഴിഞ്ഞ ഈ പ്രവർത്തനത്തെ ലോകമാകെ ശ്ലാഘിച്ചിരിക്കുകയാണ്.



**ഇ.പി. ജയരാജൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

പ്രളയക്കെടുതിയിലൂടെ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് കേരളത്തിന് ഉണ്ടായത്. വ്യവസായ മേഖലയിലാവട്ടെ 2500- ഓളം ചെറുകിട സംരംഭങ്ങൾക്കും 20 ഓളം പൊതു മേഖലാ സ്ഥാപനങ്ങൾക്കും കയർ കൈത്തറി ഖാദി കരകൗശല മേഖലയുൾപ്പെടെയുള്ള പരമ്പരാഗത മേഖലകൾക്കും പ്രാരംഭ കണക്കുപ്രകാരം 850 കോടി രൂപയിലധികം നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കെട്ടിടം, പ്ലാന്റ് & മെഷിനറി, അസംസ്കൃത വസ്തുക്കൾ, ഉൽപന്നങ്ങൾ, റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയുടെയും പൂർണവും തകർന്നവയും, ഭാഗികവുമായ തകർച്ചയിലൂടെയും, ഉൽപന്നങ്ങളുടെ മാർക്കറ്റിന്റെ തകർച്ചയിലൂടെയും ഭീമമായ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്.

എന്നാൽ ഒറ്റയടിക്ക് ജീവിത മാർഗങ്ങൾ ഒന്നാകെ നഷ്ടപ്പെട്ട പതിനായിരങ്ങളെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനും കേരളത്തെ പുനരുജ്ജീവിപ്പിക്കാനും മനുഷ്യ സ്നേഹികളായ നാനാ വിഭാഗങ്ങളിൽ നിന്നും നിർലോഭമായ സഹായങ്ങളാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ദുരന്തങ്ങളിൽ തകർന്നവരല്ല, അതിനെ അതിജീവിച്ച് കുതിക്കുന്നവരാകണം നാം എന്ന് ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചത് പ്രാവർത്തികമാക്കുംവിധം കേരളത്തിന്റെ പുനർ നിർമ്മിതിക്ക് വ്യവസായ മേഖലയും ഒറ്റക്കെട്ടായി രംഗത്തു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. ശചീന്ദ്രൻ വി.



## കേരളത്തിലെ പ്രളയം-

# വ്യവസായ സംരംഭകർക്കുള്ള അവസരങ്ങളുടെ പെരുമഴ

വലിയൊരു പ്രളയ ദുരന്തത്തിലൂടെ കടന്നുപോവുകയാണ് കേരള സംസ്ഥാനം. ഭൂരിഭാഗം ജില്ലകളിലും ഉരുൾ പൊട്ടലിന്റെയും വെള്ളപ്പൊക്കത്തിന്റെയും ദുരിതങ്ങളും നാശനഷ്ടങ്ങളും കുമിയുകയാണ്. പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ, മറ്റ് വസ്തുവകകൾ തുടങ്ങി നശിച്ചുപോയവയുടെ നീണ്ടനിര തന്നെയുണ്ട്. സംസ്ഥാനത്തിന്റെ പുനർ നിർമാണത്തിന് ഒരുങ്ങുകയാണ് സർക്കാരും ജനങ്ങളും. സംസ്ഥാനത്തിലെയും ദേശീയ തലത്തിലുമുള്ള വ്യക്തികളുടെയും കൂട്ടായ്മകളുടെയും നിർലോഭമായ സഹായം ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്നുണ്ട്. സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ശക്തമായ ആഘാതമുണ്ടാക്കിയതിനാൽ ദീർഘമായ ഒരു കാലയളവിൽ മാത്രമേ ഇതിൽ നിന്നും പൂർണമായ തിരിച്ചുവരവ് ഉണ്ടാകൂ. അതിന്റെ ഭാഗമായി ഉല്പാദന- സേവന മേഖലകളിൽ വ്യാപകമായ നിക്ഷേപം വരികയും അവയെ ഫലപ്രദമായി ജനജീവിതം മെച്ചപ്പെടുത്തുന്ന രീതിയിൽ നടപ്പാക്കുകയും വേണം. ഏതൊരു സാഹചര്യത്തെയും അവസരമായിക്കണ്ട് അതിനെ പ്രയോജനപ്പെടുത്തുവാനുള്ളവരാണ് വ്യവസായ സംരംഭകർ. അതിനാൽ അവയെ കൃത്യമായി മനസ്സിലാക്കുകയും അതിലെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിലുമാവണം വ്യവസായ സംരംഭകരുടെ ശ്രദ്ധ. ഈ സാഹചര്യത്തിൽ കേരളത്തിലെ പ്രളയവും





ഉരുൾപൊട്ടലും മുന്നോട്ടു വയ്ക്കുന്ന അവസരങ്ങളുടെ പെരുമഴയെ പരിചയപ്പെടുത്തുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## അവസരങ്ങൾ

ഉരുൾപൊട്ടലുണ്ടായി മണ്ണിടിഞ്ഞും ജലപ്രളയത്തിലുമായി വ്യാപകമായ നാശനഷ്ടങ്ങളാണ് കേരളത്തിലുണ്ടായത്. വീടുകളും, കെട്ടിടങ്ങളും റോഡ്- പാലങ്ങൾ, ആശുപത്രികൾ, നാനാതരത്തിലുള്ള ഉപകരണങ്ങളും വസ്തുക്കളും തുടങ്ങി മിക്കതിനെയും ദുരന്തം ഇല്ലാതാക്കി. ജനജീവിതം ഇതിലൂടെ ദുസ്സഹമായി. തദ്ദേശ വകുപ്പിന്റെ കണക്ക് പ്രകാരം 5,78,758 വീടുകളിലാണ് വെള്ളം കയറിയത്. 387 പഞ്ചായത്തിലെ 3,886 വാർഡുകളും 41 നഗരസഭകളിലെ 1476 വാർഡുകളും പ്രളയത്തിൽപെട്ടു. അതിനാൽ തന്നെ വൻതോതിലുള്ള ഉല്പാദന- നിർമാണ പ്രവർത്തനങ്ങളും സേവനങ്ങളും ജനങ്ങൾക്ക് ആവശ്യമായി വരും. അവയിൽ ചെലവ താഴെ ചേർക്കുന്നു.

## 1. നിർമാണ സാമഗ്രികൾ

പ്രളയക്കെടുതിയിൽ തകർന്ന 113 പാലങ്ങൾ പുനർ നിർമിക്കുകയും, 105 പാലങ്ങൾക്ക് കൈവരി നിർമിക്കുകയും 389 പാലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം. മാത്രമല്ല 10,500 വീടുകൾ പൂർണമായി തകരുകയും അരലക്ഷത്തിലേറെ വീടുകൾക്ക്

**ഭീതിപ്പെടുത്തുന്ന ഉരുൾപൊട്ടലുകളും ജലപ്രളയങ്ങളും തങ്ങളുടെ ആസ്തികളുടെ പെട്ടെന്നുള്ള നഷ്ടപ്പെടലും ശരീരത്തിലെ മുറിവിനേക്കാളും ആഴത്തിലുള്ള ആഘാതമായിരിക്കും മനസ്സിന് നൽകുക. അതിനാൽ തന്നെ കൗൺസിലിങ് സ്ഥാപനങ്ങളും, പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാവുന്നതാണ്.**

ഭാഗികമായി നാശവും നേരിട്ടു. വീടുകളും മറ്റ് കെട്ടിടങ്ങളും വ്യാപകമായി തകർന്നതിനാൽ നിർമാണ സാമഗ്രികളുടെ ഉല്പാദനവും വിപണനവും വലിയ സാധ്യതകളാണ് തുറന്നു തരുന്നത്. അതിൽ തന്നെ ചെലവ് കുറഞ്ഞതും നൂതന സാങ്കേതിക വിദ്യകളുപയോഗിച്ചു ഗുണമേന്മയുള്ള ഉത്പന്നങ്ങൾ നിർമിച്ചു നൽകുന്നതിലാവണം ശ്രദ്ധ. അതുപോലെ നിർമാണത്തിനായി തൊഴിലാളികളെ കണ്ടെത്തി നൽകുന്നതും കരാറുകൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും സംരംഭകാവസരങ്ങളുണ്ട്.

പല സ്ഥലങ്ങളിലും വാസയോഗ്യമല്ലാതാകുന്ന സാഹചര്യവും ഭാവിയിൽ വീണ്ടും ഉരുൾപൊട്ടലിനുള്ള സാധ്യതകളും നിലനിൽക്കുന്നതിനാൽ അത്തരം സ്ഥലങ്ങൾ ഒഴിവാക്കി വേണം നിർമാണ പ്രവർത്തനങ്ങൾ നടത്താൻ. അതുപോലെ കേരളം ജനസാന്ദ്രത കൂടുതലായ സംസ്ഥാനമായതിനാൽ (ജനസാന്ദ്രതയിൽ ഇന്ത്യയുടെ ദേശീയ ശരാശരി ഒരു ചതുരശ്ര കിലോമീറ്ററിന് 370 പേരാണെങ്കിൽ കേരളത്തിൽ അത് 859 പേരാണ്) ഫ്ളാറ്റ് മോഡലിൽ സുരക്ഷിതമായ കുറഞ്ഞ സ്ഥലത്ത് കൂടുതൽ താമസസൗകര്യം ഒരുക്കുകയാവും ഉചിതം.

പലപ്പോഴും ദീർഘ കാലയളവിലെ സമ്പാദ്യമാണ് വീടുകൾ നിർമിക്കാനായി ഉപയോഗിക്കാറുള്ളത്. എന്നാൽ പ്രളയാനന്തരം





ഭീകരമായ സാമ്പത്തികാരക്ഷിതാവസ്ഥയാണ് സംജാതമായിട്ടുള്ളത്. കൃഷിയിടങ്ങളും കച്ചവട സ്ഥാപനങ്ങളും നശിച്ചു പോയതിനാൽ വലിയ വില കൊടുത്തു സാധനങ്ങൾ വാങ്ങാൻ എല്ലാവർക്കും കഴിഞ്ഞെന്നു വരില്ല. അതിനാൽ കൂടുതൽ ആവശ്യക്കാരെ കണ്ടെത്താനും അതിലൂടെ ഉല്പാദിപ്പിച്ച സാധനങ്ങൾ വ്യാപകമായി വിറ്റഴിക്കാനും ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും വിലയിടുന്നതിൽ കരുതൽ വേണം. അതിനാൽ ചെലവ് കുറഞ്ഞതും, വിഭവങ്ങളുടെ പരമാവധി പ്രയോജനം ലഭിക്കുന്ന വിധത്തിലുമാവണം നിർമാണങ്ങളുടെ ആസൂത്രണവും നടപ്പിലാക്കലും.

## 2. ഇലക്ട്രിക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണിച്ചറുകൾ

വീടുകളും മറ്റ് കെട്ടിടങ്ങളും ദുരന്തത്തിൽ അപകടപ്പെട്ടപ്പോൾ അതിലുണ്ടായിരുന്ന ഇലക്ട്രിക്-ഇലക്ട്രോണിക് ഉപകരണങ്ങൾ പൂർണമായോ ഭാഗികമായോ നശിക്കുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ട്. കമ്പനികൾ നശിച്ചവയുടെ സൗജന്യ സർവീസ് താൽകാലികമായി നൽകുന്നുണ്ടെങ്കിലും, അതിനുശേഷം മറ്റു സേവനദാതാക്കളെ ആശ്രയിക്കേണ്ടതായി വരും. മാത്രവുമല്ല, കമ്പനികൾക്ക് സൗജന്യ സേവനം നൽകി പൂർത്തിയാക്കാൻ വലിയൊരു കാലയളവ് വേണ്ടിവരും. അതുകൊണ്ടുതന്നെ ഇത്തരം ഉപകരണങ്ങളുടെ വില്പനയ്ക്കും സർവീസിങ്ങിനും വിപുലമായ സാധ്യതകളാണുള്ളത്. അതുപോലെ, പ്രളയത്തിൽപെട്ട ഓഫീസുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ഫർണിച്ചറുകളുടെ വില്പനയും സേവനങ്ങളും വലിയ വാണിജ്യ-വ്യവസായ അവസരങ്ങൾ നൽകും.

## 3. വസ്ത്രങ്ങൾ, വാഹനങ്ങൾ

വസ്ത്രങ്ങൾ ഒഴിച്ചുകൂടാനാവത്തവയാണ്. അതിനാൽതന്നെ വസ്ത്രവിപണിയും വരുംമാസങ്ങളിൽ സജീവമാകാനിടയുണ്ട്. കേരളത്തിന്റെ വലിയൊരു വരുമാനസ്രോതസ്സും വിദേശ

രാജ്യങ്ങളിൽ ജോലി ചെയ്തവർ അയക്കുന്നതിൽ നിന്നും ആയതിനാൽ, അത്തരം കുടുംബങ്ങൾക്ക് പണലഭ്യതയുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടുണ്ടാകില്ല. വാഹനങ്ങളുടെ സർവീസിങ്ങും അതുപോലെതന്നെ പ്രധാനപ്പെട്ടതാണ്. വ്യാപകമായ സർവീസിങ്ങ് ആവശ്യമായതിനാൽ വാഹന കമ്പനികളുമായി യോജിച്ചുകൊണ്ടുള്ള സർവീസ് സ്റ്റേഷനുകൾ ആരംഭിക്കുകയാവും ഉചിതം.

## 4. ആശുപത്രികൾ, കൗൺസിലിങ്ങ് സെന്ററുകൾ

ആരോഗ്യമേഖലയെയും പ്രളയം കാര്യമായി ബാധിച്ചു. അതേസമയം മികച്ച ഡോക്ടർമാരുടെ ലഭ്യത കേരളത്തിലുണ്ട്. അതിനാൽ ആരോഗ്യമേഖലയിൽ സംരംഭകർക്ക് വൻസാധ്യതകളാണ് ലഭിക്കുന്നത്. അത്യാധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ഒരുക്കി ഈ മേഖലയെ ശക്തിപ്പെടുത്താനുള്ള അവസരമാണിത്. ശാരീരികാരോഗ്യം പോലെ തന്നെ പ്രധാനമാണ് മാനസികാരോഗ്യവും. ഭീതിപ്പെടുത്തുന്ന ഉരുൾപൊട്ടലുകളും ജലപ്രളയങ്ങളും തങ്ങളുടെ ആസ്തികളുടെ പെട്ടെന്നുള്ള നഷ്ടപ്പെടലും ശരീരത്തിലെ മുറിവിനേക്കാളും ആഴത്തിലുള്ള ആഘാതമായിരിക്കും മനസ്സിന് നൽകുക. അതിനാൽ തന്നെ കൗൺസിലിങ് സ്ഥാപനങ്ങളും, പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാവുന്നതാണ്. ഈ രംഗത്തെ വിദഗ്ധരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് സംരംഭകന്റെ ദൗത്യം.

## 5. നശിച്ചുപോയ/ പാഴ്‌വസ്തുക്കളുടെ നിർമാർജനം

സമീപകാല ദുരന്തം മുന്നോട്ടു വയ്ക്കുന്ന ഏറ്റവും വലിയ വെല്ലുവിളി എന്നത് മാലിന്യ നിർമ്മാർജ്ജനമാണ്. വെള്ളം കയറിയ മേഖലകളിൽ ബാക്കി വരുന്ന/ നശിച്ചു പോയ പാഴ്‌വസ്തുക്കൾ മുതൽ ഇലക്ട്രിക്-ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപെടെയുള്ളവയുടെ നിർമാർജനം പ്രധാനമാണ്. ഇതിനായി ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായം തേടേണ്ടിവരും. ഈ മേഖലയിൽ പ്രാവീണ്യമുള്ള സംരംഭകർക്ക് അത്തരം സംരംഭങ്ങളിലൂടെ മുന്നേറാം. ഈ വ്യവസായ മേഖലയിൽ പ്രാവീണ്യം





കാർഷിക മേഖലയിൽ കാര്യമായ ഇടപെടൽ വേണ്ടിവരും. കാർഷിക രംഗത്തോട് താല്പര്യമുള്ള സംരംഭകർ ഈ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങളും, സാങ്കേതിക സേവനങ്ങളും വിപണനം ചെയ്യാവുന്നതാണ്.

ചുരുക്കത്തിൽ ഉരുൾപൊട്ടലും പ്രളയവും, നിരവധി നാശനഷ്ടങ്ങളും ദുരന്തങ്ങളും സമ്മാനിച്ചെങ്കിലും സംരംഭകരെ സംബന്ധിച്ചിടത്തോളം വൻതോതിലുള്ള അവസരങ്ങളാണ് നൽകുന്നത്. ഈ ഘട്ടത്തിൽ സംരംഭകർ മുന്നോട്ട് വരേണ്ടത് സംസ്ഥാനത്ത് കേവലം സംരംഭത്വത്തെ വളർത്താൻ വേണ്ടി മാത്രമല്ല, അതിലേറെ ജനജീവിതം മികച്ച രീതിയിൽ പുന:സ്ഥാപിക്കാനും അത്യാവശ്യമാണ്. നിലവിൽ, പ്രളയത്തിൽ സ്വന്തം സംരംഭത്തിന് നാശം സംഭവിച്ചവർ പൂർവാധികം ശക്തിയോടെ തിരിച്ചുവരണം.

**സമീപകാല ദുരന്തം മുന്നോട്ടു വയ്ക്കുന്ന ഏറ്റവും വലിയ വെല്ലുവിളി എന്നത് മാലിന്യ നിർമ്മാർജ്ജനമാണ്. വെള്ളം കയറിയ മേഖലകളിൽ ബാക്കി വരുന്ന/ നശിച്ചു പോയ പാഴ്‌വസ്തുക്കൾ മുതൽ ഇലക്ട്രിക്- ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപെടെയുള്ളവയുടെ നിർമാർജനം പ്രധാനമാണ്.**

നേടുകയാണെങ്കിൽ ദീർഘ കാലയളവിൽ ശോഭിക്കാൻ കഴിയും. കാരണം ഈ വേസ്റ്റുകളുടെയും മറ്റ് പാഴ്‌വസ്തുക്കളുടെയും നിർമാർജനം/ പുനരുപയോഗം ഒരു ദേശീയ ആവശ്യമാണ്.

## 6. കാർഷിക മേഖലയിലെ സാധ്യതകൾ

കാർഷിക മേഖലയിൽ പ്രളയകാലത്ത് റിപ്പോർട്ടുകൾ കാണിക്കുന്നത്, 1300 രൂപയുടെ കോടിയുടെ നഷ്ടമാണുണ്ടായത് എന്നാണ്. നെല്ല്, വാഴ, പച്ചക്കറി, കുരുമുളക് തുടങ്ങി നിരവധി കൃഷിയിനങ്ങളിലായി 57,024 ഹെക്ടറിലെ കൃഷി നശിച്ചു എന്നാണ് കണക്കുകൾ പറയുന്നത്. അതിനാൽ തന്നെ

യഥാർത്ഥത്തിൽ വാണിജ്യനേട്ടങ്ങൾക്കുപരി സംരംഭകത്വത്തിന്റെ ഒരു പ്രധാനപ്പെട്ട ലക്ഷ്യം എന്നത് ജനങ്ങൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും നൽകി വ്യക്തികൾക്ക് നല്ല ജീവിത നിലവാരം നിലനിർത്താൻ സഹായിക്കുക എന്നതാണ്. അതിനാൽ സംരംഭകർ ഈ അവസരത്തിൽ കാര്യമായ ഇടപെടലുകൾ നടത്തണം. അതിലൂടെ സംസ്ഥാനത്തെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർവോപരി മികച്ച ജീവിതസാഹചര്യം സൃഷ്ടിക്കാനും സാധിക്കും.

**(മഞ്ചേശ്വരം ജി. പി. എം ഗവൺമെന്റ് കോളേജിലെ വാണിജ്യവിഭാഗം മേധാവിയാണ് ലേഖകൻ)**

റ്റി. എസ്. ചന്ദ്രൻ

# തിരിച്ച് പിടിക്കണം

## വ്യവസായ- വാണിജ്യ മേഖലയെ



മുമ്പെങ്ങുമുണ്ടാകാത്ത പ്രളയദുരിതമാണ് കേരളം അഭിമുഖീകരിച്ചത്. സൂക്ഷ്മ- ചെറുകിട വ്യവസായ മേഖലയെ അക്ഷരാർത്ഥത്തിൽ താളം തെറ്റിച്ചു. ഓണവ്യാപാരം കുറഞ്ഞു എന്നത് എല്ലാ വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും ഒരുപോലെ ബാധിച്ചു. എന്നാൽ ഫാക്ടറികളും, കെട്ടിടങ്ങളും, മെഷിനറികളും പുനരുദ്ധരിക്കാൻ പറ്റാത്തവിധം നഷ്ടപ്പെട്ടുപോയ നിരവധി സംരംഭകരുണ്ട്. മഹാപ്രളയത്തെ അതിജീവിക്കാൻ കയ്യും മെയ്യും മറന്ന് നാം ഒത്തൊരുമിച്ച് പ്രവർത്തിച്ചു. അതുപോലെതന്നെ വ്യവസായ- വാണിജ്യ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനു കൂട്ടായ പ്രയത്നം ഉണ്ടാകേണ്ടിയിരിക്കുന്നു. ബ്രഡ്, ബൺ, ബിസ്കറ്റുകൾ, പലവ്യഞ്ജനങ്ങൾ, കുടിവെള്ളം, വസ്ത്രങ്ങൾ, ഗ്ലാസുകൾ എന്തിന് സാനിറ്ററി പാഡുകൾ പോലും ദുരിതാശ്വാസ ക്യാമ്പുകളിൽ ഏറെക്കുറെ സൗജന്യമായിത്തന്നെ വ്യവസായസമൂഹം എത്തിച്ചു. ക്ഷാമമുണ്ടാകാതെ പരമാവധി ശ്രദ്ധിച്ചു. ഈ സമൂഹത്തെ നിലനിർത്തേണ്ടതും പരമാവധി കൈത്താങ്ങ് നൽകേണ്ടതും പൊതുസമൂഹത്തിന്റെ കൂടി കടമയാണ്.

### വലിയ നഷ്ടം

സൂക്ഷ്മ- ചെറുകിട വ്യവസായ മേഖലയുടെ നഷ്ടം എത്രയാണ് എന്നത് സംബന്ധിച്ച് ഇനിയും റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല. എന്നിരുന്നാലും കേരളത്തിൽ ഏകദേശം 16,000 സൂക്ഷ്മ- ചെറുകിട വ്യവസായ സംരംഭകരെ സാരമായി ബാധിച്ചു എന്നാണ് മനസ്സിലാക്കുന്നത്. ഇവരുടെ സ്ഥലം, കെട്ടിടം, മെഷിനറികൾ, സ്റ്റോക്ക് എല്ലാം നഷ്ടമായിരിക്കുന്നു. ഇത്തരം സ്ഥാപനങ്ങളെ



ഒഴുക്കിന് അനുകൂലമായി നീന്തുവാൻ ആർക്കും സാധിക്കും. പ്രതിബന്ധങ്ങളെ തരണം ചെയ്ത് മുന്നോട്ട് പോകുന്നവനാണ് യഥാർത്ഥ സംരംഭകൻ എന്ന് തിരിച്ചറിയണം. ഇവിടെ മറ്റൊന്നും തടസ്സം ആകില്ല. സർക്കാർ സംവിധാനങ്ങളും, പൊതുജനങ്ങളും ഒപ്പം ഉണ്ടാകും.

## ധനകാര്യ സ്ഥാപനങ്ങൾ സഹായിക്കണം

സംസ്ഥാനതല ബാങ്കേഴ്സ് കമ്മറ്റി ഏതാനും തീരുമാനങ്ങൾ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എടുത്തിട്ടുണ്ട്. അതിൽ ഏറെയും കാർഷിക- വിദ്യാഭ്യാസ- ഭവന വായ്പയ്ക്കുള്ള ഇളവുകൾ സംബന്ധിച്ചുള്ളതാണ്. വ്യവസായ- വാണിജ്യ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു പാക്കേജ് ഉടൻ ഉണ്ടാകണം.

* 10 ലക്ഷം രൂപ വരെ അടിയന്തിരവായ്പയായി അനുവദിക്കണം. നിലവിലുള്ള ഉപഭോക്താക്കൾക്കും, പ്രളയക്കെടുതിയിൽ അകപ്പെട്ട വ്യവസായ- വാണിജ്യ സമൂഹത്തിനും ഇത് ലഭ്യമാക്കണം.
* പലിശരഹിത വായ്പ അനുവദിക്കുവാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ കഴിയുമെന്ന് തോന്നുന്നില്ല. എന്നാൽ 10 ലക്ഷം രൂപ വരെയുള്ള വായ്പയുടെ പലിശ 10% അധികരിക്കാതെ നൽകണം.
* ഒരു വർഷത്തേക്ക് വായ്പ തിരിച്ചടവിന് മോറട്ടോറിയം അനുവദിക്കണം. പല വായ്പാ പദ്ധതികൾക്കും മോറട്ടോറിയം അനുവദിക്കുന്ന രീതി നിലവിലുണ്ട്.
* വായ്പ അനുവദിക്കുന്നതിന് മുൻവർഷങ്ങളിലെ വിറ്റുവരവ്, സ്ഥാപനത്തിൽ

തിരികെ കൊണ്ടുവരുന്നതിന് പുതിയ നിക്ഷേപം ആവശ്യമാണ്. വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമേ സ്ഥാപന ഇൻഷുറൻസിന്റെ പരിധിയിൽ വരുന്നുള്ളൂ എന്നതാണ് യാഥാർത്ഥ്യം. ഓണവിപണിയെ പ്രതീക്ഷിച്ച് ഒരു വർഷം മുഴുവൻ ഉല്പാദിപ്പിച്ച് വച്ച കൈത്തറി, കയർ, ഖാദി, കരകൗശലം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഭക്ഷ്യ ഉല്പന്നങ്ങൾ എന്നീ മേഖലകളെ പ്രളയം ദുരിതത്തിലാക്കി. വാണിജ്യ- വ്യാപാര രംഗത്ത് വൻനഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

## സംരംഭകർ ഉണരണം

സാധാരണ നിലയിലേക്ക് എത്രയും വേഗം സംരംഭ മേഖലയെ ഉയർത്തിക്കൊണ്ട് വരണം. സർക്കാർ സഹായം പ്രതീക്ഷിച്ച് സമയം പാഴാക്കരുത്. നഷ്ടപ്പെട്ടതെല്ലാം തിരിച്ച് പിടിക്കണം. ലഭ്യമായ സമ്പാദ്യം ഉപയോഗിച്ച് ഉല്പാദന- വിപണന പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ അമാന്തിക്കരുത്. ഒരു പ്രളയത്തിനും തങ്ങളിലുള്ള സംരംഭകത്വത്തെ തളർത്താൻ ആകില്ല എന്ന ചിന്ത ഉണ്ടാകണം.

ഉണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മാനദണ്ഡമാക്കണം.
* ഈ വായ്പയ്ക്ക് അധിക സെക്യൂരിറ്റി വാങ്ങാതെ ക്രെഡിറ്റ് ഗ്യാരണ്ടി ട്രസ്റ്റ് ഫണ്ട് പദ്ധതി പൂർണമായും ഉപയോഗപ്പെടുത്തണം.
* മുൻവർഷങ്ങളിലെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഓവർ ഡ്രാഫ്റ്റ് അനുവദിക്കുമ്പോൾ പ്രളയം കവർന്ന ആസ്തികൾക്ക് പകരം പുതിയവ സമ്പാദിക്കുവാൻ ടേം വായ്പ അനുവദിക്കണം. (10 ലക്ഷമായി പരിമിതപ്പെടുത്തരുത്)
* എസ്. എൽ. ബി. സി. ഇത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകുകയും, ബ്രാഞ്ച് തലത്തിൽ ഫലപ്രദമായി നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ ജില്ലാതല പ്രത്യേക മോണിറ്ററിംഗ് കമ്മറ്റികൾക്ക് രൂപം നൽകണം.

## സർക്കാർ പദ്ധതികൾ ഏകോപിപ്പിക്കണം


സൂക്ഷ്മ- ചെറുകിട വ്യവസായങ്ങളുടെ പുരോഗതിയും വ്യവസായികളുടെ ക്ഷേമവും ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്. തുടർച്ചയായി നഷ്ടം സംഭവിച്ച സ്ഥാപനങ്ങളുടെയും, വായ്പാ തിരിച്ചടവ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളെയും പുനരുദ്ധരിക്കുവാൻ വ്യവസായമിത്ര എന്ന പദ്ധതി ഇതിൽ പ്രധാനപ്പെട്ടതാണ്. പ്രളയ ദുരിതസ്ഥാപനങ്ങളെ സഹായിക്കുവാൻ ഇതിൽ മാറ്റം കൊണ്ടുവരുന്നത് ഗുണം ചെയ്യും.
* ഈ പ്രളയം കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. അതുകൊണ്ടുതന്നെ പ്രകൃതിദുരന്തം വരുത്തുന്ന നഷ്ടം നികത്താൻ സൂക്ഷ്മ- ചെറുകിട സംരംഭങ്ങളെ സഹായിക്കുവാനുള്ള പദ്ധതികളെക്കുറിച്ച് ചിന്തിച്ചിട്ടേയില്ല. ഇനി ഇതുകൂടി ചിന്തിക്കേണ്ടതായി വന്നിരിക്കുന്നു. ബഡ്ജറ്റിന്റെ ഭാഗമായും, ജനകീയ ആസൂത്രണ പദ്ധതിയിലെ ഘടകമായും ഇത്തരം സഹായ പദ്ധതികളെ ഉൾപെടുത്തണം.
* സൂക്ഷ്മ- ചെറുകിട വ്യവസായ വാണിജ്യ മേഖലയുടെ നിക്ഷേപസംരക്ഷണം ഉറപ്പു വരുത്തുന്നതിന് പ്രത്യേക നിധി കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണ്. (SIDBI യുടെ CGTMSE മാതൃക സ്വീകരിക്കാവുന്നതാണ്). സഹകരണ ബാങ്കുകളെ ഇതിന്റെ ഭാഗമാക്കാവുന്നതാണ്. നിക്ഷേപകർക്കൊപ്പം സർക്കാർ ഉണ്ട് എന്ന് ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞാൽ മാത്രമേ സംരംഭ മേഖലയിലേയ്ക്ക് പുതുസംരംഭകരെ ആകർഷിപ്പിക്കുവാൻ കഴിയൂ.
* നാനോ വ്യവസായങ്ങൾക്ക് നൽകുന്ന പലിശ സബ്സിഡി ഇതുപ്രകാരം അനുവദിക്കുന്ന ബാങ്ക് വായ്പയ്ക്ക് മുൻകൂർ നൽകുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

## പുതിയ അവസരങ്ങൾ

വ്യവസായ- വാണിജ്യ സമൂഹത്തിന് പ്രളയദുരിതം പുതിയ പ്രതീക്ഷകൾ കൂടി നൽകുന്നു. കോടിക്കണക്കിന് രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എത്തിക്കൊണ്ടിരിക്കുന്നു. റോഡുകൾ, തോടുകൾ, പാലങ്ങൾ, വീടുകൾ മറ്റ് നിർമാണ പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കും. വരുമാനവും വർദ്ധിക്കും. സ്വാഭാവികമായും പൊതുവിപണി ഉയരും. ക്രയവിക്രയങ്ങൾ ഏറെ വർദ്ധിക്കും. അതോടൊപ്പം ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും തിരിച്ച് പോകുന്നവർക്ക് വേണ്ടിവരുന്ന ഗൃഹോപകരണങ്ങൾ, ഫർണിച്ചറുകൾ, ഗാർമെന്റുകൾ, ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവയുടെ വർദ്ധിച്ച ഡിമാന്റും വിപണിയിൽ ചലനങ്ങൾ സൃഷ്ടിക്കും. ഇത് വ്യവസായ വാണിജ്യ സമൂഹത്തിന് ലഭിക്കുന്ന അവസരങ്ങൾ കൂടിയാണ്.

പൊതുജന പങ്കാളിത്തത്തോടെ സർക്കാരും ധനകാര്യ സ്ഥാപനങ്ങളും, വ്യവസായ വാണിജ്യ സമൂഹവും കൈകോർത്ത് പിടിച്ചാൽ പ്രളയദുരന്തത്തെ അതിജീവിക്കാൻ നമുക്ക് അധികസമയം വേണ്ടിവരില്ല. ഭാവി പദ്ധതികൾ ഇത്തരം ദുരന്തങ്ങളെ പ്രതീക്ഷിച്ചുകൊണ്ട് കൂടി ഉണ്ടാകേണ്ടതാണ് എന്ന് മഹാപ്രളയം നമ്മെ ഓർമപ്പെടുത്തുന്നു.

**(തൃശൂർ ജില്ലാ വ്യവസായകേന്ദ്രം മാനേജരാണ് ലേഖകൻ)**


ഇനി പണവും,
സമയവും ലാഭിക്കൂ..!
ജിയോ മിക്സ്
കോൺക്രീറ്റിനോടൊപ്പം
CONCRETE
7025 09 09 09
®
Geo mix
CONCRETE
www.geomix.co.in
7025 09 09 09
75 111 50 555

സുധീർ ബാബു



# മാറുന്ന ലോകവും മാറുന്ന ബിസിനസും

കുറച്ച് ദിവസങ്ങൾക്ക് മുമ്പ് സൗദി അറേബ്യയിൽ നിന്ന് ഒരു വിളി. സർ, എന്റെ പേര് സുരേഷ്. സാറിന്റെ പുസ്തകങ്ങളും ലേഖനങ്ങളും വായിക്കാറുണ്ട്. എനിക്ക് തിരിച്ചു വന്ന് നാട്ടിൽ ഒരു ബിസിനസ് ആരംഭിക്കണമെന്നുണ്ട്. സാറിന്റെ ഉപദേശങ്ങൾ വേണം. നല്ല ആശയം സുരേഷ്, എന്ത് ബിസിനസ് ആണ് തുടങ്ങുവാൻ പ്ലാൻ ചെയ്യുന്നത്? എനിക്ക് ഒരു ഡയറി ഫാം ആരംഭിക്കുവാനാണ് താൽപര്യം. തിരുനെൽവേലിയിൽ കുറച്ച് സ്ഥലമുണ്ട്. അവിടെ തുടങ്ങണമെന്നാണ് ആഗ്രഹം. ശരി, സുരേഷിന് ഡയറി ഫാമിനെക്കുറിച്ച് എന്തറിയാം? അതിനെക്കുറിച്ച് പഠിച്ചിട്ടാണോ ഇത്തരമൊരു തീരുമാനം എടുത്തത്? വീണ്ടും എന്റെ ചോദ്യം. യൂ- ട്യൂബിലെ വീഡിയോസ് ഒക്കെ കണ്ട് പഠിച്ചിട്ടുണ്ട്. മറ്റ് പരിചയമൊന്നും ഈ മേഖലയിലില്ല. ഞാൻ പറഞ്ഞു. ആദ്യം

സുരേഷ് നാട്ടിലുള്ളതും മറ്റ് സംസ്ഥാനങ്ങളിലുള്ളതുമായ ചില ഫാമുകൾ സന്ദർശിക്കണം. അതൊക്കെ കണ്ടുപഠിക്കണം. പറ്റുമെങ്കിൽ അവയുടെ ഉടമസ്ഥരുമായി സംസാരിക്കണം. അവരുടെ അനുഭവങ്ങൾ മനസിലാക്കണം. അതിനുശേഷം മതി ഒരു തീരുമാനം കൈക്കൊള്ളുവാൻ.

തീർച്ചയായും സർ. ഞാൻ ഇതൊക്കെ ചെയ്തിട്ട് സാറിനെ വിളിച്ചുകൊള്ളാം. സുരേഷ് പറഞ്ഞുനിർത്തി. സുരേഷ് ഒരു പ്രതിനിധി മാത്രമാണ്. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന കേരളത്തിലെ പതിനായിരങ്ങളുടെ ഒരു പ്രതിനിധി. സംരംഭം തുടങ്ങണം എന്നു മാത്രമാണ് ആഗ്രഹം. എന്തുവേണം എന്ന കാര്യത്തിൽ നിശ്ചയമില്ല. അല്ലെങ്കിൽ അതിൽ കൃത്യമായ ധാരണയുണ്ടെങ്കിലും അത് എങ്ങനെ ചെയ്യണം അത് എങ്ങനെ വിജയിപ്പിക്കണം എന്നതിലൊന്നും യാതൊരു ഗ്രാഹ്യവുമില്ലാത്ത അവസ്ഥ. ഒരു സംരംഭം തുടങ്ങുന്നതിനു മുമ്പ് വളരെ ആഴത്തിലുള്ള പഠനം ഒഴിവാക്കുവാനാവില്ല. മുഴുവൻ കാര്യങ്ങളും ഗ്രഹിക്കുക പ്രായോഗികമല്ല. എന്നാൽ കടന്നു ചെല്ലുന്ന മേഖലയുടെ അപരിചിതത്വം ഒഴിവാക്കുവാനും വെല്ലുവിളികളെ നേരിടുവാനും ആ പഠനം നമ്മെ സഹായിക്കും.

## സംരംഭകത്വത്തിന്റെ ആദ്യവെല്ലുവിളി

സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയുടെ ആദ്യവെല്ലുവിളി ആ സംരംഭത്തിനെക്കുറിച്ചുള്ള അറിവു നേടുക എന്നതാണ്. എല്ലാം പഠിച്ചിട്ടു മാത്രമാണ് നമുക്ക് സംരംഭം തുടങ്ങുവാൻ പറ്റുകയുള്ളൂ? അങ്ങനെയാണെങ്കിൽ സംരംഭം തുടങ്ങുക ബുദ്ധിമുട്ടാവുകയില്ലേ? സംരംഭം തുടങ്ങുകയും വരുന്ന വെല്ലുവിളികളെ സംരംഭകൻ നേരിടുകയുമല്ലേ വേണ്ടത്? ഈ ചോദ്യങ്ങൾ നോക്കുമ്പോൾ അവ ചിലപ്പോൾ ശരിയെന്നു തോന്നും. നാം ഒരു യാത്ര പുറപ്പെടുന്നുവെന്നു കരുതുക. നമുക്ക് തികച്ചും അപരിചിതമായ പ്രദേശത്തേക്കുള്ള യാത്ര. പരിചിതമല്ലാത്ത ആ ദേശത്തെക്കുറിച്ച് നാം യാത്ര പുറപ്പെടുന്നതിനു മുമ്പ് ഒന്നു പഠിക്കുകയോ, ആ ദേശത്തേയ്ക്ക് മുമ്പ് യാത്ര ചെയ്തവരുടെ അനുഭവങ്ങൾ ശ്രദ്ധിക്കുകയോ ചെയ്താൽ അത് നമ്മുടെ യാത്രയിൽ എത്രമാത്രം ഗുണകരമായിരിക്കും. അതുപോലെ തന്നെയാണ് നാം സംരംഭം തുടങ്ങുന്നതിനു മുമ്പ് അതിനെക്കുറിച്ച് നേടുന്ന അറിവുകൾ. ഒന്നും അറിയാത്ത ഒന്നിനെ എന്തെങ്കിലും അറിയുന്ന ഒന്നാക്കി മാറ്റുക തന്നെ സംരംഭകത്വത്തിന്റെ ആദ്യവെല്ലുവിളി.

## നഷ്ടപ്പെടുന്ന സമയം നമുക്ക് തിരിച്ചു പിടിക്കാനാവില്ല

സംരംഭം തുടങ്ങിക്കഴിഞ്ഞുള്ള ആദ്യ ചില വർഷങ്ങൾ നാം അതിനെ നിലനിർത്തുവാനും വിജയിപ്പിക്കുവാനുമുള്ള പോരാട്ടത്തിലുമായിരിക്കും. ഈ കാലത്തെ നമുക്ക് സംരംഭകത്വത്തിന്റെ ഏറ്റവും നിർണായകമായ വർഷങ്ങൾ എന്നു പറയാം. മാനസികമായി ഒരു സംരംഭകൻ ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെടുന്ന സമയം. നിഷേധാത്മകമായ ചിന്തകളെയും വാക്കുകളെയും മന:സാന്നിധ്യത്തോടെ നേരിട്ട് സംരംഭം എന്ന കപ്പൽ കരയോട് അടുപ്പിക്കേണ്ട ചുമതല അത് ജീവിതത്തിന്റെ ഒരുപാട് പരീക്ഷണങ്ങൾ നിറഞ്ഞ ഒരു കാലഘട്ടം തന്നെയാണ്.

നമുക്ക് ഒന്നും അറിയാത്ത നാം പഠിക്കാത്ത ഒരു സംരംഭം നാം തുടങ്ങുമ്പോൾ നമ്മുടെ അറിവില്ലായ്മ ഈ സമയത്തെ വലിച്ചുനീട്ടും. കാരണം നാം ഓരോന്നും കണ്ടുംകേട്ടും കൊണ്ടും പഠിക്കുകയാണ്. ഇതിലെ വെല്ലുവിളികളെക്കുറിച്ചോ പ്രശ്നങ്ങളെക്കുറിച്ചോ യാതൊരു മുൻധാരണകളുമില്ല. അവയെ എങ്ങനെ നേരിടണമെന്ന് അറിയാത്ത അവസ്ഥ. അപ്പോൾ നാം പരീക്ഷണങ്ങൾക്ക് മുതിരും. ആ പരീക്ഷണങ്ങൾ നമ്മുടെ സമയം അപഹരിക്കും. ഈ നഷ്ടപ്പെടുന്ന സമയം ബിസിനസ് അടുത്ത തലത്തിലേക്ക് വളർത്തേണ്ട സമയമാണ്. അത് തിരികെ ലഭിക്കുകയില്ല എന്നതാണ് നമുക്ക് നിഷേധിക്കാനാവാത്ത സത്യം.

## പ്രീ- സംരംഭ സമയം പഠനത്തിനായി ചെലവിടുക

സംരംഭം തുടങ്ങുന്നതിന് മുമ്പ് നാം എന്ത് സംരംഭമാണോ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നത് അല്ലെങ്കിൽ പലതിൽ നിന്നും

യോജ്യമായ ഒരു സംരംഭം തിരഞ്ഞെടുക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ വ്യക്തമായ ഒരു പഠനം കഴിഞ്ഞിട്ട് വേണം നാം ഇത് രണ്ടും ചെയ്യേണ്ടത്. ഇതിൽ നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

* നമ്മൾ പഠിച്ചതുമായി ബന്ധപ്പെട്ടതോ, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടതോ, അറിവുള്ള മേഖലകളുമായി ബന്ധപ്പെട്ടതോ ആയ സംരംഭങ്ങളെ ആദ്യം പരിഗണിക്കുക.



അതല്ലെങ്കിൽ നമ്മുടെ കയ്യിൽ നൂതനമായ എന്തെങ്കിലും ആശയം ഉണ്ടായിരിക്കണം.

* ഈ മേഖലകളിൽ യോജിച്ച സംരംഭങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല എങ്കിൽ മാത്രം മറ്റ് മേഖലകളിലേക്ക് കടക്കുക.

* വിജയിച്ച മാതൃകകളെ പഠിക്കാൻ ശ്രമിക്കുക. ആ മേഖലകളിലെ വെല്ലുവിളികളും പ്രശ്നങ്ങളും പഠിക്കുക.

* സംരംഭത്തിന്റെ വിജയത്തിനാവശ്യമായ പ്രധാനപ്പെട്ട ഘടകങ്ങൾ എന്തൊക്കെയെന്ന് മനസിലാക്കുക.

സംരംഭം തുടങ്ങി വിജയിത്തിലേക്കെത്തിക്കുന്ന സമയം ലാഭിക്കുവാൻ ഈ തയ്യാറെടുപ്പ് നമ്മെ സഹായിക്കും.

## വിപണിയെ അറിയുക

പലപ്പോഴും ഉത്പന്നങ്ങളുടെ രൂപകൽപനയും ഉത്പാദനവും കഴിഞ്ഞതിന് ശേഷമായിരിക്കും വിപണി തേടിയുള്ള യാത്ര ആരംഭിക്കുന്നത്. ബിസിനസിന്റെ പ്രധാനപ്പെട്ട പരാജയങ്ങളിൽ ഒന്നാണ് കൃത്യമായ വിപണിയെ നിർവചിക്കാതെയും കണ്ടെത്താതെയും ഉത്പന്നങ്ങൾ സൃഷ്ടിക്കുക എന്നത്. നാം എന്ത് ഉത്പന്നങ്ങൾ നൽകിയാലും ഉപഭോക്താക്കൾ അത് വാങ്ങിക്കൊള്ളും എന്ന ധാരണ അബദ്ധമാണ്. കാരണം ഇന്ന്

ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കുവാൻ ഉത്പന്നങ്ങളും സേവനങ്ങളും ധാരാളമുണ്ട്. കിടമത്സരം നിറഞ്ഞുനിൽക്കുന്ന ഒരു വിപണിയിൽ തന്റെ ഉത്പന്നത്തിന് സ്ഥാനം കണ്ടെത്തുക സംരംഭകന്റെ വലിയൊരു വെല്ലുവിളിയാണ്. തന്റെ ഉത്പന്നത്തിന്റെ അല്ലെങ്കിൽ സേവനത്തിന്റെ വിപണി എന്താണ് എന്ന് ശരിയായി വിലയിരുത്തിയതിന് ശേഷം മാത്രമാവണം സംരംഭകൻ സംരംഭം ഏത് വേണം എന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ. വിപണിയിൽ തന്റെ എതിരാളികൾ ആരൊക്കെയാണ്? അവരുടെ വിപണന തന്ത്രങ്ങൾ എന്തൊക്കെയാണ്? വിപണയിലെ കിടമത്സരത്തിൽ തന്റെ സ്ഥാനം എങ്ങനെ കണ്ടെത്തും? എന്ന ചോദ്യങ്ങൾക്കൊക്കെ സംരംഭകൻ ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

## വിപണനം കുട്ടിക്കളിയല്ല

വിപണിയിൽ ഡിമാന്റ് ഉള്ള ഉത്പന്നങ്ങളേയും സേവനങ്ങളെയും കൂടുതൽ കാര്യക്ഷമമായ, ഉത്പാദനക്ഷമമായ രീതിയിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ വലിയ ഒരു ബുദ്ധിമുട്ടുള്ള കാര്യമല്ല. പക്ഷേ അതേസമയം തന്നെ ഇത്തരം ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ശക്തരായ എതിരാളികളും വിപണിയിൽ ഉണ്ടാകും. അത്തരമൊരു സന്ദർഭത്തിൽ ഉപഭോക്താക്കൾക്കിടയിൽ തന്റെ ഉത്പന്നത്തെക്കുറിച്ചോ സേവനത്തെക്കുറിച്ചോ ഒരു അവബോധം സൃഷ്ടിക്കുവാൻ കൂടുതൽ പണം സംരംഭകൻ മുടക്കേണ്ടതായി വരും.

അപ്പോൾ വിപണിയിൽ ഉപഭോക്താക്കൾക്ക് ആവശ്യമുള്ള ഉത്പന്നങ്ങളോ സേവനങ്ങളോ മാത്രം രൂപകൽപന ചെയ്താൽ മാത്രം പോരാ അവയുടെ വിപണനതന്ത്രം കൂടി സംരംഭം തുടങ്ങുന്നതിന് മുമ്പ് സംരംഭകൻ രൂപകൽപന ചെയ്തിരിക്കണം. പലപ്പോഴും സംരംഭകൻ കാണുന്ന ഏറ്റവും വലിയ വെല്ലുവിളി ഉത്പാദനം മാത്രമാണ്. താൻ ഉത്പന്നം നിർമിച്ചുകഴിഞ്ഞാൽ അത് ഉപഭോക്താക്കൾ വന്ന് വാങ്ങിക്കൊണ്ട് പോകും എന്നത് ഒരു സ്വപ്നം മാത്രമാണ്. വിപണനം ശക്തമല്ലെങ്കിൽ സംരംഭം പരാജയപ്പെടും.

## ഉപഭോക്താവിന്റെ ആവശ്യങ്ങളിൽ നിന്ന് ഉത്പന്നം ഉണ്ടാവണം

താൻ ഉണ്ടാക്കുന്ന ഉത്പന്നം ഉപഭോക്താവ് വാങ്ങണം എന്ന ചിന്താഗതി പഴയതാണ്. ആധുനിക കാലഘട്ടത്തിലെ ഉത്പന്നങ്ങൾ രൂപകൽപന ചെയ്യുന്നത് ഉപഭോക്താവിന്റെ ആവശ്യങ്ങളിൽ നിന്നാണ്. ഉപഭോക്താവ് മുടക്കുന്ന പണത്തിന് അനുസരിച്ച് മൂല്യം നൽകുന്ന ഉത്പന്നങ്ങൾക്ക് മാത്രമേ വിപണിയിൽ പിടിച്ചു നിൽക്കാൻ സാധ്യമാകൂ. അങ്ങനെ വരുമ്പോൾ ഉപഭോക്താവ് ആഗ്രഹിക്കുന്ന, ഇഷ്ടപ്പെടുന്ന, അവർക്ക് ഗുണകരമാകുന്ന, മികച്ച സേവനം നൽകുന്ന ഉത്പന്നങ്ങൾ നിർമിക്കുവാൻ സംരംഭകൻ നിർബന്ധിതരാകുന്നു.

ഇവിടെ സംരംഭകൻ ഉപഭോക്താവിന്റെ താല്പര്യങ്ങളെക്കുറിച്ച് അന്വേഷിക്കുവാനും പഠിക്കുവാനും ബാധ്യസ്ഥനാകുന്നു. ഈ പഠനം ഇല്ലെങ്കിൽ സംരംഭം പരാജയമാകും. ഉപഭോക്താവിന്റെ താൽപര്യങ്ങൾ, ഇഷ്ടങ്ങൾ എന്നിവയ്ക്ക് സ്ഥിരതയില്ല. അത്

THOMSON
PVC PIPES
IS : 4985
AN ISO 9001/2008 COMPANY
A Kanichai Product

മാറിക്കൊണ്ടേയിരിക്കുന്നു. അതിനനുസരിച്ച് ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കണം. ഈ പഠനം അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കണ്. ഉത്പന്നത്തിന്റെ യഥാർത്ഥ രൂപകർത്താവ് സംരംഭകനല്ല മറിച്ച് അത് ഉപയോഗിക്കുന്ന ഉപഭോക്താവാണ്.

പത്ത് വർഷങ്ങൾക്ക് മുമ്പ് നാം ഉത്പന്നങ്ങളിൽ നിന്ന് എത്രമാത്രം രൂപഭേദം ഇന്നത്തെ ഉത്പന്നങ്ങൾക്ക് സംഭവിച്ചുകഴിഞ്ഞു. മിക്സി എന്ന ഉത്പന്നത്തെ ഉദാഹരണമാക്കി എടുത്താൽ നമുക്കറിയാം എത്രമാത്രം രൂപമാറ്റം അതിന് സംഭവിച്ചുകഴിഞ്ഞു എന്നുള്ളത്. രൂപത്തിൽ മാത്രമല്ല ഉപയോഗങ്ങളിൽ കൂടി അതിൽ മാറ്റങ്ങൾ വന്നുകഴിഞ്ഞു. ഉപഭോക്താവിന്റെ ആവശ്യങ്ങളിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉത്പന്നങ്ങളിൽ പ്രതിഫലിച്ചുകൊണ്ടേയിരിക്കുന്നു. ഉത്പന്നങ്ങളിൽ നവീനത സൃഷ്ടിച്ചുകൊണ്ടേയിരിക്കുക തന്നെ വിപണിയിൽ നിലനിൽക്കുവാനും വളരുവാനുമുള്ള തന്ത്രം.

**ഉപഭോക്താവിന്റെ ജീവിതത്തെ സുഖകരവും, സന്തോഷകരവും, തൃപ്തികരവുമാക്കുകയാണ് ഉത്പന്നങ്ങളുടെ ലക്ഷ്യം. അതിനായ നവീനങ്ങളായ പല പ്രത്യേകതകളും മാറ്റങ്ങളും ഉത്പന്നങ്ങളിൽ സൃഷ്ടിക്കപ്പെടുന്നു.**

## ഉപഭോക്താവിന്റെ ആവശ്യങ്ങളിൽ നിന്ന് പുതിയവ ഉദയം കൊള്ളണം

ഉപഭോക്താവിന്റെ ജീവിതത്തെ സുഖകരവും, സന്തോഷകരവും, തൃപ്തികരവുമാക്കുകയാണ് ഉത്പന്നങ്ങളുടെ ലക്ഷ്യം. അതിനായ നവീനങ്ങളായ പല പ്രത്യേകതകളും മാറ്റങ്ങളും ഉത്പന്നങ്ങളിൽ സൃഷ്ടിക്കപ്പെടുന്നു. പുതിയ ഉത്പന്നങ്ങൾ ഉടലെടുക്കുന്നു. ഉപഭോക്താവിന്റെ വേദനകളിൽ നിന്നാണ് പുതിയ ഉത്പന്നങ്ങളുടെ പിറവി. കൂടുതൽ മെച്ചപ്പെട്ട ജീവിതത്തെ, ജീവിത സാഹചര്യങ്ങളെ ഉപഭോക്താക്കൾ ആഗ്രഹിക്കുന്നു. അവ നൽകാൻ ഒരു സംരംഭകന് സാധിക്കുമ്പോൾ ആ ബിസിനസിനെ ഉപഭോക്താവ് സ്വീകരിക്കുന്നു.

## എന്താവണം വിൽക്കേണ്ടത്?

വിപണിയിൽ കിടമത്സരങ്ങൾ കുറവുള്ള ഉത്പന്നങ്ങളോ സേവനങ്ങളോ തിരഞ്ഞെടക്കുകയാണ് എപ്പോഴും അഭികാമ്യം. വിപണിയിലെ വമ്പന്മാരോട് ഗുസ്തി പിടിക്കുവാൻ പോകാതിരിക്കുക തന്നെയാണ് തുടക്ക സംരംഭങ്ങൾക്ക് നല്ലത്. അതല്ലായെങ്കിൽ വിപണനത്തിനായി വലിയൊരു ബജറ്റ് കരുതേണ്ടി വരും. കുറച്ചുകൂടി ബുദ്ധിപരമായ ഒരു തന്ത്രമായിരിക്കണം പുതിയ സംരംഭങ്ങൾ സ്വീകരിക്കേണ്ടതാണ്.

മാർക്കറ്റ് ഡിമാന്റ് കൂടുതലും എന്നാൽ സപ്ലൈ കുറവുള്ളതുമായ ഉത്പന്നങ്ങൾ തിരഞ്ഞെടുത്താൽ വിപണി കണ്ടെത്താൻ വലിയ ബുദ്ധിമുട്ടുണ്ടാവില്ല. സംരംഭം തിരഞ്ഞെടുക്കുമ്പോൾ ഇതിൽ കൂടുതൽ ശ്രദ്ധ നൽകണം. മറ്റൊരു തന്ത്രം ഒരു പ്രത്യേക ഉപഭോക്തൃ വിഭാഗത്തിനായി പുതിയ ഉത്പന്നങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഇവിടെയും വിപണനത്തിനായി നല്ലൊരു ശ്രമം ആവശ്യമാണ്. കാരണം പുതിയ ഉത്പന്നമാകുമ്പോൾ അതിനെക്കുറിച്ച് ഉപഭോക്താക്കളിൽ നല്ലൊരു അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

നിഷ് മാർക്കറ്റുകൾ ഉണ്ടാക്കിയെടുക്കുകയാവണം പുതിയ സംരംഭങ്ങളുടെ ലക്ഷ്യം. ഇവിടെ മത്സരങ്ങളില്ല. ഉപഭോക്താവിന്റെ ചില പ്രത്യേക ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിർമിക്കുന്ന ഉത്പന്നങ്ങളാണിവിടെ

വിൽക്കപ്പെടുന്നത്. ആ സംരംഭത്തിന്റെ തനതായ, മറ്റുള്ളവയിൽ നിന്നും വേറിട്ട് നിൽക്കുന്ന ഉത്പന്നങ്ങൾ. ബ്രാന്റിംഗ് എന്ന പ്രക്രിയ അതിവേഗം ഇവിടെ നിറവേറ്റപ്പെടുന്നു. വിപണിയിൽ പെട്ടെന്ന് കാലുറപ്പിക്കുവാൻ അത്തരം ബ്രാന്റുകൾക്ക് കഴിയുന്നു. കെ. എഫ്. സി, കഫെ കോഫീ ഡേ, നപ്പാ ഡോറി എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

### കാലം മാറുകയാണ് നമ്മുടെ സംസ്കാരവും മാറണം

ബിസിനസിൽ വിപ്ലകരങ്ങളായ മാറ്റങ്ങൾ നടക്കുകയാണ്. ഇന്നലെ നാം അമേരിക്കയിലെ കൃത്രിമബുദ്ധിയിൽ പ്രവർത്തിക്കുന്ന ആമസോൺ സ്റ്റോറിനെക്കുറിച്ചറിഞ്ഞു. ഇപ്പോൾ നോക്കൂ. കൊച്ചിയിൽ നമ്മുടെ കണ്ണിന് മുന്നിൽ ഇതേ രീതിയിൽ പ്രവർത്തിക്കുന്ന ഒന്ന് ആരംഭിച്ചുകഴിഞ്ഞു. റോബോട്ടുകൾ ഭക്ഷണം സെർവ് ചെയ്യുന്ന ഒരു റസ്റ്റോറന്റ് കോയമ്പത്തൂരിൽ ആരംഭിച്ചു എന്ന വാർത്ത നാം വായിക്കുന്നു. കണ്ണടച്ച് തുറക്കുന്ന വേഗത്തിൽ ഇവ നമ്മുടെ നാട്ടിലുമെത്തും. സാങ്കേതികതയിലും അറിവിലും വരുന്ന മാറ്റങ്ങൾക്കനുസരിച്ച് ബിസിനസും മാറിക്കൊണ്ടേയിരിക്കുന്നു.

ലോകത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ നാം കാണുകയും പഠിക്കുകയും വേണം. അത് നമ്മുടെ ബിസിനസിൽ പ്രതിഫലിക്കുകയും വേണം. പുതിയ അറിവുകൾ എത്രയുംവേഗം നമുക്കരികിലേക്കെത്തുന്ന രീതിയിൽ, അവയെ പ്രാവർത്തിമാക്കുവാൻ സാധിക്കുന്ന രീതിയിൽ നമ്മുടെ സംസ്കാരം മാറേണ്ടതുണ്ട്.

**(ഡി വാലർ മാനേജ്മെന്റ് കൺസൾട്ടന്റിന്റെ മാനേജിംഗ് ഡയറക്ടറാണ് ലേഖകൻ)**



ഏജൻസികൾ ക്ഷണിക്കുന്നു.

SINDHI AGRO FEEDS
No.5, Mini Industrial Estate, Perumkulam, Varkala - 695 141, Tvm, Kerala
Phone : 9497848486

മനോജ് മാതിരപ്പള്ളി



# കോടികളുടെ പ്രവർത്തനലാഭവുമായി കാംകോ

എറണാകുളം ജില്ലയിലെ അങ്കമാലിക്കടുത്തുള്ള അത്താണി കേന്ദ്രമായി പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനമാണ് കേരള അഗ്രോ മെഷിനറി കോർപറേഷൻ (കാംകോ). 1973–ൽ സ്ഥാപിതമായ കാംകോ 1984 മുതൽ തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തിന്റെ കാർഷികമേഖലയുടെ പുരോഗതിക്ക് ആവശ്യമായ യന്ത്രങ്ങളാണ് കാംകോയുടെ ഉത്പന്നങ്ങൾ. എല്ലാ തരത്തിലുള്ള വിളകൾക്കും അനുയോജ്യമായ രീതിയിൽ കൃഷിഭൂമി തയ്യാറാക്കാനും വിളവെടുപ്പിനുമുള്ള യന്ത്രങ്ങൾ ഇപ്പോൾ കാംകോയിൽ നിർമ്മിക്കപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിലെ കാർഷികവിപ്ലവത്തിൽ കാംകോയ്ക്കുള്ള പങ്ക് ഒട്ടും ചെറുതല്ല. കോടികളുടെ വിറ്റുവരവും പ്രവർത്തനലാഭവുമായി ഓരോ വർഷവും മുന്നോട്ടുള്ള കുതിപ്പിലാണ് കാംകോ.



പുറത്തിറക്കുന്നതിനൊപ്പം ആദ്യകാല ഉത്പന്ന ങ്ങളുടെ കാലാനുസൃതമായ നവീകരണവും കാംകോ നടത്തുന്നുണ്ട്.

ഇന്നിപ്പോൾ കാംകോയിൽ നിർമ്മിക്ക പ്പെടുന്ന യന്ത്രങ്ങൾ രാജ്യമെമ്പാടുമുള്ള കർഷ കർക്കിടയിൽ സ്വീകാര്യമാണ്. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ കാർഷികരം ഗത്തെ തൊഴിലാളിക്ഷാമം പോലെയുള്ള പ്രതി സന്ധികളെ മറികടക്കാനും കാംകോയിൽ രൂപ കൽപന ചെയ്ത് നിർമ്മിക്കപ്പെടുന്ന യന്ത്രങ്ങൾ സഹായകമാകുന്നു. പൊതുമേഖലാസ്ഥാപനം ആയതുകൊണ്ടുതന്നെ ഉത്പന്നങ്ങളുടെ നിർമ്മി തിയിലുള്ള ഉയർന്ന ഗുണനിലവാരവും കാംകോ യുടെ വളർച്ചയ്ക്ക് അനുകൂലമാകുന്നുണ്ട്.

## കാംകോയും ഉത്പന്നങ്ങളും

ഉത്പാദനരംഗത്ത് കർഷകർ നേരിടുന്ന പ്രതിസന്ധികളെ മറികടക്കുകയും ഇതിലൂടെ വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കു കയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് 1973 -ൽ കാംകോ പ്രവർത്തനം ആരംഭിക്കുന്നത്. ജാപ്പനീസ് സാങ്കേതികവിദ്യയോടെ പവർ ടില്ലർ നിർമ്മാണവുമായി സ്വതന്ത്ര കോർപറേ ഷൻ ആയിട്ടായിരുന്നു തുടക്കം. പിന്നീട് ഉത്പന്നങ്ങളുടെയും ഉത്പാദനത്തി



കമ്പനി രൂപീകൃതമായി ആദ്യത്തെ പത്തുവർഷക്കാലം മന്ദഗതിയിലായിരുന്നു കാംകോ യുടെ പ്രവർത്തനം. ധാരാളം തൊഴിലാളികളെ ലഭ്യമായിരുന്ന അക്കാലത്ത് മറ്റു ഏതൊരു മേഖ ലയിലും എന്നതുപോലെ കാർഷികരംഗത്തും യന്ത്രവത്കര ണത്തിനുള്ള സാധ്യതയും സ്വീകാ ര്യതയും കുറവായിരുന്നുവെന്ന താണ് യാഥാർത്ഥ്യം. എന്നാൽ യന്ത്ര വത്കരണത്തിലൂടെ മണ്ണിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കർഷകർക്ക് ബോധ്യപ്പെട്ടതോടെ കാം യുടെ വളർച്ച ആരംഭിച്ചു. 1983 മുതൽ ഇങ്ങോട്ട് കമ്പനി ലാഭത്തിൽ എത്താ നുള്ള കാരണവും മറ്റൊന്നല്ല. ഓരോ വർഷവും അത്യാധുനി കമായ പുതിയ യന്ത്രങ്ങൾ

ന്റെയും ലാഭവിഹിതത്തിന്റെയും കാര്യത്തിൽ ക്രമാനുഗതമായ വളർച്ച കമ്പനിക്കുണ്ടായി. ഇന്നിപ്പോൾ വിവിധ ജില്ലകളിലായുള്ള അഞ്ച് യൂണിറ്റുകളിലായി കാംകോയ്ക്ക് അറുനൂറോളം ജീവനക്കാരുണ്ട്. പവർ ടില്ലർ, പവർ റീപ്പർ, ഗാർഡൻ ടില്ലർ, മിനി ട്രാക്ടർ, ബ്രഷ് കട്ടർ തുടങ്ങിയവയാണ് കാംകോയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പ്രധാനപ്പെട്ട യന്ത്രങ്ങൾ. ഇതോടൊപ്പം കോണോ വീഡറും വാട്ടർ പമ്പുസെറ്റും ഇക്കോ ടില്ലറും ലോ ഹൈറ്റ് റീപ്പറും വലിയ ട്രാക്ടറുകളുടെ നിർമ്മാണവുമെല്ലാം ഉടൻ ആരംഭിക്കും. വിവിധ ഫാക്ടറികളുടെ നവീകരണത്തിനും കാംകോയ്ക്ക് പദ്ധതിയുണ്ട്.

**പവർ ടില്ലർ** : ഇന്ത്യയിലെമ്പാടുമുള്ള ചെറുകിട കർഷകർ ഏറ്റവുമധികം വിശ്വാസമർപ്പിക്കുന്ന കാർഷികയന്ത്രമായി കാംകോയുടെ പവർ ടില്ലർ മാറിക്കഴിഞ്ഞു. നെൽകൃഷിക്കായി പാടമൊരുക്കാനാണ് മുഖ്യമായി ഉപയോഗിക്കുന്നതെങ്കിലും ഇതൊരു മൾട്ടി ടാസ്ക് മെഷിനാണ്. കൃഷിഭൂമിയിലെ കളകളും പുല്ലും നീക്കംചെയ്യാനും നിലം ഉഴുതുമറിക്കാനും മണ്ണിളക്കി പൊടിച്ച് നിലമൊരുക്കാനും വെള്ളം പമ്പുചെയ്യാനും മരച്ചീനി-പച്ചക്കറി കൃഷികൾക്കായി വാരമുണ്ടാക്കാനും നെല്ലുകുത്താനും കൃഷിയിടങ്ങളിലെ ഒരു ടൺ വരെയുള്ള ചരക്കുനീക്കം നടത്താനുമെല്ലാം ഈ പവർ ടില്ലർ മതി. ആദ്യകാലത്ത് ഒമ്പത് എച്ച്.പിയുള്ള എൻജിനാണ് ഇതിൽ ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോഴത് 12 എച്ച്.പി. ശേഷിയുള്ളതായി വികസിപ്പിച്ചെടുത്തിട്ടുണ്ട്.



**പവർ റീപ്പർ:** നെല്ല്, ഗോതമ്പ്, സോയാബീൻ തുടങ്ങിയവയുടെ വിളവെടുപ്പിന് അനുയോജ്യമായ കൊയ്ത്തുയന്ത്രമാണ് കാംകോയുടെ പവർ റീപ്പർ. ധാന്യനഷ്ടം പരമാവധി ഒഴിവാക്കി ഒരു തൊഴിലാളിയെ ഉപയോഗിച്ചുകൊണ്ട് മൂന്നുമണിക്കൂറിനുള്ളിൽ ഒരുഹെക്ടർ സ്ഥലത്തെ കൊയ്ത്ത് പൂർത്തിയാക്കാൻ കഴിയുന്നു. വൈക്കോൽ നഷ്ടം പൂർണമായും ഒഴിവാക്കാൻ കഴിയുമെന്നതും ഇതിന്റെ നേട്ടമാണ്. പെട്രോൾ, ഡീസൽ എൻജിനുകളിൽ പ്രവർത്തിക്കുന്നതും മികച്ച ഇന്ധനക്ഷമത ഉറപ്പുനൽകുന്നതുമായ മൂന്ന് മോഡലുകളിലുള്ള

**കമ്പനിയുടെ 45 വർഷം പഴക്കമുള്ള ഫാക്ടറിയുടെ നവീകരണം ഉടൻ നടപ്പാക്കുന്നതിനായി രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 24.82 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതും യാഥാർത്ഥ്യമാകുന്നതോടെ കാംകോയ്ക്ക് കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.**








പവർ റീപ്പറുകൾ ഇപ്പോൾ കാംകോയിൽനിന്നും വിപണിയിൽ എത്തുന്നുണ്ട്.

**ഗാർഡൻ ടില്ലർ/ പവർ വീഡർ** : ചെറുകിട കൃഷിയിടങ്ങളിൽ മരച്ചീനിയും പച്ചക്കറിയും വാഴയുമെല്ലാം നട്ടുവളർത്താൻ അനുയോജ്യമായ യന്ത്രമാണ് കാംകോയുടെ ബി-30 ഗാർഡൻ ടില്ലർ അഥവാ പവർ വീഡർ. കൂടാതെ തെങ്ങിന് തടമെടുക്കാനും ഔഷധസസ്യകൃഷിക്കും പുഷ്പകൃഷിക്കുമെല്ലാം ഇത് ഫലപ്രദമാണ്. കൃഷിയോഗ്യമായ പത്തും ഇരുപതും സെന്റ് സ്ഥലം സ്വന്തമായുള്ളവർക്കാണ് കാംകോയുടെ ഗാർഡൻ ടില്ലർ കൂടുതൽ ഗുണകരം. എന്നിരുന്നാലും ഇതുപയോഗിച്ച് എട്ടുമുതൽ പത്തുമണിക്കൂർ സമയംകൊണ്ട് ഒരു ഹെക്ടർ സ്ഥലം കൃഷിക്കായി ഒരുക്കിയെടുക്കാൻ സാധിക്കും. കുറഞ്ഞ ഭാരവും ലളിതമായ പ്രവർത്തനരീതിയും മികച്ച ഇന്ധനക്ഷമതയുമെല്ലാം ഇതിന്റെ സവിശേഷതയാണ്.

**മിനി ട്രാക്ടർ** : കർഷകർക്ക് സ്വന്തമായി നിലമൊരുക്കാൻ കഴിയുന്നതും ഇറ്റാലിയൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്നതുമായ കാർഷികയന്ത്രമാണ് കാംകോയുടെ മിനി ട്രാക്ടർ. ആകർഷകമായ ഡിസൈനും ഹൈഡ്രോളിക് സ്റ്റിയറിംഗും ചുരുങ്ങിയ ടേണിംഗ് റേഡിയസും സുഖകരമായ സീറ്റുമെല്ലാം ഇതിന്റെ സവിശേഷതയാണ്. ട്രാക്ടറിനൊപ്പം റോട്ടറി ടില്ലംഗിനുള്ള റോട്ടവേറ്റർ കലപ്പ, വാരം മാടാനുള്ള ബെഡ്ഫോമർ തുടങ്ങിയവയും കമ്പനി നിർമ്മിച്ചുനൽകുന്നുണ്ട്. തൊഴിലാളികളെ ഉപയോഗിച്ചാൽ ഉയർന്ന ഉത്പാദന ച്ചെലവ് നേരിടേണ്ടിവരുന്ന കർഷകർക്ക് കാംകോയുടെ മിനി ട്രാക്ടർ ഏറെ പ്രയോജനപ്രദമാണ്.

**ബ്രഷ് കട്ടർ** : കാംകോയിൽനിന്നും ബ്രഷ് കട്ടറുകൾ പുറത്തിറക്കുന്നത് 2015 മുതലാണെങ്കിലും ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത് ഏറെ ജനകീയമായിക്കഴിഞ്ഞു. കൃഷിയിടങ്ങളിലെ കളകൾ നീക്കം ചെയ്യുന്നതിനും പുല്ല് ചെത്തിവൃത്തിയാക്കുന്നതിനുമാണ് ഇത് ഉപയോഗിക്കുന്നത്. കൂടാതെ തീറ്റപ്പുൽകൃഷിയിൽ ഫോഡർ കട്ടിംഗിനും നെല്ല് കൊയ്തെടുക്കാനും കാംകോയുടെ ബ്രഷ് കട്ടർ സഹായകമാകുന്നു. ഭാരംകുറഞ്ഞ ഫോർ സ്ട്രോക്ക് പെട്രോൾ എൻജിൻ ഉപയോഗിച്ചിട്ടുള്ള കെബിസി 300 എന്ന കാംകോയുടെ ബ്രഷ് കട്ടർ ലളിതവും കർഷ



കർക്കുതന്നെ അനായാസമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതുമാണ്. ദീർഘകാലം സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഇതിന് മികച്ച ഇന്ധനക്ഷമതയുമുണ്ട്.

## കമ്പനിയുടെ പ്രവർത്തനലാഭം

കഴിഞ്ഞ 34 വർഷങ്ങളായി കേരള അഗ്രോ മെഷിനറി കോർപറേഷന്റെ പ്രവർത്തനം ലാഭത്തിലാണ്. ജിഎസ്ടി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അനിശ്ചിതാവസ്ഥകൾക്കിടയിലും ഇക്കഴിഞ്ഞ സാമ്പത്തികവർഷം 156 കോടിരൂപയുടെ വിറ്റുവരവും നാലുകോടിയുടെ പ്രവർത്തനലാഭവും നേടാൻ കാംകോയ്ക്ക് കഴിഞ്ഞു. ജിഎസ്ടി നടപ്പാക്കിയത് ടില്ലറുകളുടെ വിൽപനയെ കാര്യമായി ബാധിച്ചുവെങ്കിലും വിറ്റുവരവ് വർധിച്ചുവെന്നതാണ് യാഥാർത്ഥ്യം. സമാനമായ രീതിയിൽ കാംകോയുടെ എല്ലാ ഉത്പന്നങ്ങൾക്കും വിപണിയിൽ നേട്ടമുണ്ടായിട്ടുണ്ട്. ടില്ലറുകളുടെ ഉത്പാദനം കൂട്ടുന്നതിനും ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനുമുള്ള പുതിയ പദ്ധതിയും കാംകോയിൽ ഉടൻ നടപ്പാക്കും. വിൽപ്പനക്കാരിൽനിന്ന് കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ സാധിച്ചതും കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിക്ക് ഗുണകരമായി. 2016–2017 സാമ്പത്തികവർഷത്തേക്കാൾ 2.7 കോടിരൂപയുടെ വിറ്റുവരവാണ് കഴിഞ്ഞ വർഷം കമ്പനിക്കുണ്ടായത്. ലാഭവിഹിതത്തിന്റെ നിശ്ചിതശതമാനം സർക്കാരിനും കൈമാറി.

ഈ വർഷം 200 കോടി രൂപയുടെ വിറ്റുവരവാണ് കാംകോ ലക്ഷ്യമിടുന്നത്. കമ്പനിയുടെ ഇതുവരെയുള്ള വിറ്റുവരവും കൂടുതൽ പ്രതീക്ഷ നൽകുന്നതാണ്. കഴിഞ്ഞ സാമ്പത്തികവർഷം 2746 പവർ റീപ്പറുകളാണ് ഉത്പാദിപ്പിച്ചതെങ്കിൽ ഇത്തവണ ആദ്യത്തെ നാലുമാസം കൊണ്ട് 1062 എണ്ണം ഉത്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആനുപാതികമായ രീതിയിൽ മറ്റു കാർഷികയന്ത്രങ്ങളുടെ ഉത്പാദനത്തിലും പ്രതീ

ക്ഷാവഹമായ വളർച്ച കാണാം. 156 കോടി രൂപ യായിരുന്നു കഴിഞ്ഞ സാമ്പത്തികവർഷത്തെ വിറ്റുവരവെങ്കിൽ ഇത്തവണ ആദ്യ നാലുമാസത്തെ വിറ്റുവരവ് 43 കോടി രൂപയാണ്.

## പുതിയ ഉത്പന്നങ്ങളും പദ്ധതികളും

ഇതോടൊപ്പം ഏറെ വൈകാതെ തന്നെ കാംകോയിൽനിന്നുള്ള പുതിയ ഉത്പന്നങ്ങളും വിപണിയിലെത്തും. നെൽപ്പാടങ്ങളിലെ കള നീക്കംചെയ്യാൻ ഉപയോഗിക്കുന്ന കോണോ വീഡർ, വാട്ടർ പമ്പുസെറ്റ്, ഇക്കോ ടില്ലർ, ലോ-ഹൈറ്റ് റീപ്പർ എന്നിവയാണ് ആദ്യമെത്തുക. ഇതിൽ കോണോ വീഡർ ഈ വർഷം തന്നെ കമ്പോളത്തിലിറക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെടുന്നത്. കമ്പനിയുടെ ആർ ആന്റ് ഡി വിഭാഗം ഇതിനകം തന്നെ വികസിപ്പിച്ചെടുത്തിട്ടുള്ള കോണോ വീഡറിന് കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും വൻഡിമാൻഡ് ഉണ്ടാകുമെന്നാണ് നിഗമനം.

അതുപോലെ പുതിയ രണ്ടു മോഡലുകളിലുള്ള വാട്ടർ പമ്പുസെറ്റുകളും കാംകോയിൽ വികസിപ്പിച്ചെടുത്തുകഴിഞ്ഞു. രണ്ടര എച്ച്.പി. പവറുള്ളവയാണ് ഈ പമ്പുസെറ്റുകൾ. കൂടാതെ വിവിധ കാർഷികാവശ്യങ്ങൾ ഒരു യന്ത്രം ഉപയോഗിച്ചുതന്നെ ചെയ്യുവാൻ സാധിക്കുന്ന ഇക്കോമോഡൽ പവർ ടില്ലറും കാംകോയിൽനിന്നും ഉടൻ വിപണിയിലെത്തും. ഉയരം കുറഞ്ഞ ഹൈബ്രീഡ് വെറൈറ്റി വിളകൾ കൊയ്തെടുക്കാനായി രൂപപ്പെടുത്തിയിട്ടുള്ള ലോ-ഹൈറ്റ് റീപ്പറാണ് കാംകോ ഉടൻ പുറത്തിറക്കുന്ന മറ്റൊരു കാർഷികയന്ത്രം. റീ എൻജിനീയറിംഗിന്റെ ഭാഗമായി കൊയ്ത്തുയന്ത്രത്തിൽ ചില മാറ്റങ്ങൾ വരുത്തിയാണ് ഇതിന്റെ നിർമ്മാണം. ഈ വർഷംതന്നെ അഞ്ഞൂറോളം റീപ്പറുകൾ നിർമ്മിച്ച് വിറ്റഴിക്കുകയാണ് കാംകോയുടെ ലക്ഷ്യം.

ട്രാക്ടർ പ്രൊജക്ടും ഫാക്ടറിയുടെ നവീകരണവും കമ്പനി ഉടൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മറ്റു പദ്ധതികളാണ്. നിലവിലെ ട്രാക്ടറുകൾക്ക് പകരം കുതിരശക്തി കൂടിയ അത്യാധുനിക ട്രാക്ടറുകൾ വികസിപ്പിച്ചെടുക്കുന്നതിലൂടെ 500 കോടിയോളം രൂപയുടെ വിറ്റുവരവാണ് കാംകോ അധികമായി ലക്ഷ്യമിടുന്നത്. കമ്പനിയുടെ 45 വർഷം പഴക്കമുള്ള ഫാക്ടറിയുടെ നവീകരണം ഉടൻ നടപ്പാക്കുന്നതിനായി രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 24.82 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതും യാഥാർത്ഥ്യമാകുന്നതോടെ കാംകോയ്ക്ക് കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

****



ആർ. ഹേലി

# നാളികേരം
# ചില യാഥാർത്ഥ്യങ്ങൾ

നമ്മുടെ ചുറ്റിലും സമൃദ്ധമായിരിക്കുന്ന വിഭവങ്ങളെ അസംസ്കൃത പദാർത്ഥങ്ങളായി ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് അത്യന്തം ആവശ്യമുള്ളതും പ്രിയങ്കരവുമായ വിഭവങ്ങൾ പുതിയ സാങ്കേതിക വൈദഗ്ധ്യത്തിന്റെ പ്രയോഗം വഴി തയ്യാറാക്കി വിൽക്കുക എന്നുള്ളത് നാനാവിധഗുണങ്ങൾ സമൂഹത്തിന് നൽകുന്നവയാണെന്ന് വികസിതരാജ്യങ്ങളും വികസ്വര രാജ്യങ്ങളും ഒരുപോലെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്ന കാലഘട്ടമാണിത്. അസംസ്കൃത വിഭവങ്ങൾ വൻതോതിൽ ഉല്പാദിപ്പിക്കുന്ന കാർഷിക മേഖലയ്ക്ക് സാങ്കേതികവിദ്യയും ധനപരമായ പിന്തുണയും സമ്മേളിപ്പിച്ച് പുതിയ വ്യാവസായിക വിപണന സംരംഭങ്ങൾ



സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധമായിരിക്കുന്ന വ്യാവസായികമേഖലയ്ക്കും ഒരേ പോലുള്ള താല്പര്യം ഈ രംഗത്തുണ്ട്. ദാരിദ്ര്യനിർമാർജനത്തിനും സമൂഹത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും മറ്റ് സർവ്വ വിധത്തിലുള്ള ഐശ്വര്യവും തരുന്ന മേഖലകൾ സൃഷ്ടിക്കാൻ ഇത് വഴിതെളിക്കുന്നു. രാജ്യത്തിലെ ജനകോടികൾക്ക് അവരുടെ അധ്വാനത്തിന്റെ മൂല്യവും ആദായസംഭരണവും ഉയർത്തുവാൻ ഈ രീതിയിലൊരു മാറ്റം അനിവാര്യമായിത്തീർന്നിരിക്കുന്നു. നാം ഇന്ന് പരക്കെ ആശ്രയിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സൃഷ്ടിയും അവയുടെ വിപണനവും അവ തയ്യാറാക്കുന്നതിനുള്ള അതിവിപുലമായ നൈപുണ്യ വികസന പരിശീലനവുമൊക്കെ നമ്മെ നയിക്കുന്നത് മുൻപറഞ്ഞ ലക്ഷ്യസാക്ഷാൽകാരത്തിനാണ്. ഉദാഹരണത്തിന്, സർവ്വകേരളീയർക്കും സുപരിചിതമായ കേരകൃഷിരംഗം തന്നെയെടുക്കാം. കേരവിഭവങ്ങളിൽ നിന്ന് മുന്നൂറ്റമ്പതോളം മൂല്യവർദ്ധിത ഉല്പന്നങ്ങൾ

**ഇരുപതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ഹൃദ്രോഗ പ്രോത്സാഹിയായി മുദ്രകുത്തി വെളിച്ചെണ്ണയ്ക്കും തെങ്ങുകൃഷിക്കും ചരമഗീതം വരെ എഴുതിയ പാശ്ചാത്യരാജ്യങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട ആരോഗ്യദായിനിയായ സസ്യ എണ്ണയായി വെളിച്ചെണ്ണ മാറിയിരിക്കുന്ന കാഴ്ച നമ്മെക്കാൾ കൂടുതൽ മറ്റു രാഷ്ട്രങ്ങൾ മനസിലാക്കിയിരിക്കുന്നു എന്നതാണ് വസ്തുത.**

തയ്യാറാക്കി ലോകമെമ്പാടും വിറ്റഴിക്കുന്ന രാജ്യമത്രേ ശ്രീലങ്ക. ശ്രീലങ്കയിൽ മൊത്തം തെങ്ങ് കൃഷി ചെയ്യുന്ന ഭൂമി കേരളത്തിലെ നാലഞ്ചു ജില്ലകൾ കൂടിച്ചേർന്നാലുള്ളതിനേക്കാൾ കുറവാണ്. എന്നാൽ അവർ ഈ രംഗത്തു നേടിയിരിക്കുന്ന മുന്നേറ്റം ആരെയും അതിശയിപ്പിക്കും. അതുപോലെതന്നെ ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, മലേഷ്യ എന്നീ രാജ്യങ്ങളൊക്കെത്തന്നെ ഈ രംഗത്ത് മികച്ച മുന്നേറ്റങ്ങൾ നടത്തുന്നത് മാധ്യമങ്ങൾ നമ്മുടെ മുന്നിൽ സുലഭമായി നിരത്തുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ഹൃദ്രോഗ പ്രോത്സാഹിയായി മുദ്രകുത്തി വെളിച്ചെണ്ണയ്ക്കും തെങ്ങുകൃഷിക്കും ചരമഗീതം വരെ എഴുതിയ പാശ്ചാത്യരാജ്യങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട ആരോഗ്യദായിനിയായ സസ്യ എണ്ണയായി വെളിച്ചെണ്ണ മാറിയിരിക്കുന്ന കാഴ്ച നമ്മെക്കാൾ കൂടുതൽ മറ്റു രാഷ്ട്രങ്ങൾ മനസിലാക്കിയിരിക്കുന്നു എന്നതാണ് വസ്തുത. കേരളത്തിലെ അമ്മൂമ്മമാർ പണ്ടുപണ്ടേ രൂപപ്പെടുത്തിയിരിക്കുന്ന ഉരുക്കുവെളിച്ചെണ്ണ ഇപ്പോഴും വിവിധ രൂപത്തിലുള്ള കുപ്പികളിൽ പല പേരുകളിൽ ഭംഗിയായി പാക്ക് ചെയ്ത് വിൽക്കപ്പെടുകയാണ്. പലവ്യഞ്ജനക്കടയുടെ ഒരറ്റത്ത് വിറ്റിരുന്ന വെളിച്ചെണ്ണയുടെ സ്ഥാനം ശാസ്ത്രീയമായി തയ്യാറാക്കപ്പെടുന്ന ഉരുക്കു വെളിച്ചെണ്ണയായപ്പോൾ അതിന്റെ പേര് വെർജിൻ കോക്കനട്ട് ഓയിൽ എന്നു മാറി. അതിനെ പച്ചമലയാളത്തിൽ കന്യക വെളിച്ചെണ്ണ എന്ന ഓമനപ്പേരിൽ നമുക്കു വിളിക്കാം. ഇതിപ്പോൾ മെഡിക്കൽ ഷോപ്പുകളിൽ വിൽക്കപ്പെടുന്നത് 100 മി. ലി. വെളിച്ചെണ്ണയ്ക്ക് ഏറ്റവും ചുരുങ്ങിയത് 100 രൂപയ്ക്കാണ്. ഒരു കിലോഗ്രാം വെളിച്ചെണ്ണയ്ക്ക് 1200 രൂപയ്ക്കുമേൽ വിലയാണ്. ഇത് വിദേശവിപണിയിലെത്തുമ്പോൾ ഇതിന്റെ വില ഇരട്ടിയിലധികമായേക്കും.

അഞ്ച് തേങ്ങയുണ്ടെങ്കിൽ 300 മി. ലി. വെർജിൻ വെളിച്ചെണ്ണ തയ്യാറാക്കാം. ഇത്രയും വില നൽകി ഇവ വാങ്ങുന്നതിന്റെ ഉള്ളുകളി അറിയുമ്പോൾ പരിഭ്രാന്തരാകരുത്. ലോക

ആരോഗ്യശാസ്ത്രം ഇപ്പോഴും മുട്ടുമടക്കി നിൽക്കുന്ന മറവിരോഗം എന്ന വ്യാധിക്ക് ഇതൊരൗഷധമത്രേ. കന്യക വെളിച്ചെണ്ണയ്ക്ക് തലച്ചോറിന്റെ കോശവളർച്ച ശക്തിപ്പെടുത്തി ത്വരിതപ്പെടുത്താനും കഴിവുണ്ടത്രേ എന്നാണ് ഈ രംഗത്തുള്ള ഭിഷഗ്വരവിദഗ്ധരുടെ നൂതന കണ്ടുപിടുത്തം. വെർജിൻ വെളിച്ചെണ്ണയിലടങ്ങിയിരിക്കുന്ന ലാറിക്കമ്ലമത്രേ ഈ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നത്. കഠിനമായ ഗവേഷണവും അതിനൂതനമായ ഉല്പാദനശ്രമങ്ങളും മൂർച്ചയേറിയ വിപണനതന്ത്രങ്ങളും വെളിച്ചെണ്ണയ്ക്ക് കേരളത്തിലെ കാർഷികരംഗത്ത് അത്യത്ഭുതകരമായ വളർച്ചയ്ക്ക് വിധേയമാകുമെന്ന് തീർച്ച. അമേരിയിലും ജർമ്മനിയിലും കൃത്യമായി ദിവസവും വെളിച്ചെണ്ണ സേവിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്, ഒപ്പം വെളിച്ചെണ്ണവിലയും. കേരളത്തിന് അതുല്യമായ ഈ വ്യാപാരസാധ്യത മുതലാക്കാൻ എങ്ങനെ കഴിയുമെന്നതിനെക്കുറിച്ച് ഒരുന്നതതല പഠനം നടത്താൻ ഉല്പാദകരുടെയും, വ്യവസായികളുടെയും, ഭരണാധികാരികളുടെയുമൊക്കെ സംയുക്ത ഡെലിഗേഷനുകൾ ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, അമേരിക്ക, ജർമനി തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കാൻ ഇനി ഒട്ടും അമാന്തിച്ചുകൂടാ. തേങ്ങാവെള്ളം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഫിലിപ്പൈൻസ് പ്രസിഡന്റ് അമേരിക്കയിൽ മുടങ്ങാതെ പോകുന്ന വസ്തുത നമ്മുടെ മാധ്യമങ്ങൾപോലും വിസ്തരിക്കാൻ വിട്ടുപോകുന്നു. വെളിച്ചെണ്ണയ്ക്ക് കൈവന്നിരിക്കുന്ന പുതിയ കന്യക വെളിച്ചെണ്ണ രൂപം തേങ്ങാവില എല്ലായിടത്തും ഉയർത്തി. ആരെയും അത്ഭുതപ്പെടുത്തുന്ന ഒരു സത്യം ഇതിന്റെ പിന്നിലുണ്ട്. തേങ്ങാവില കൂടിയിട്ടും റേഡിയോയിലും പത്രമാധ്യമങ്ങളിലും വിപുലമായ പ്രചരണം നൽകിയിട്ടും കേര പരിചരണത്തിന് കൃഷിക്കാർ മുന്നോട്ടു വരുന്നില്ല. തടമെടുക്കാനുള്ള ചെറുയന്ത്രങ്ങളുടെ അഭാവം,



തേങ്ങയടക്കാനുള്ള ഭാരിച്ച ചെലവും ജോലിക്കാരുടെ അഭാവവുമൊക്കെ ഉത്തരം കാണാത്ത ചോദ്യങ്ങളായി അവശേഷിക്കുകയാണ്. അതുപോലെ കേര സമ്പദ് വ്യവസ്ഥയെയാകെ ഇളക്കിമറിക്കുമെന്ന് പ്രതീക്ഷിച്ച നീരയുല്പാദനവും നീര വിഭവനിർമാണവും പ്രതീക്ഷിച്ചത്ര ഉയർന്നില്ലെന്നു മാത്രമല്ല പിടിച്ചുനിൽക്കാൻ പോലും പ്രയാസപ്പെടുകയാണ്. കേരളം തുടങ്ങിവച്ച നീരയിലുള്ള വികസനദൗത്യം തമിഴ്നാടും കർണാടകവും ഏറ്റെടുത്ത് ഗുണഫലങ്ങൾ കൊയ്യുമെന്നാണ് ഇപ്പോഴത്തെ സൂചനകൾ. നീരയുല്പാദന പരിശീലനം സിദ്ധിച്ച തൊഴിലാളികൾ ബഹുഭൂരിപക്ഷവും ഈ മേഖല വിട്ടുപോയിരിക്കുന്നു. കേരളത്തിൽ സ്ഥിതിചെയ്യുന്ന കേന്ദ്രഗവൺമെന്റിന്റെ നാളികേര വികസന കാര്യാലയത്തിലെല്ലാം നീരവ്യവസായത്തിന്റെ മേഖലകളെക്കുറിച്ച് പഠിക്കാനും പരിശീലിക്കാനും എത്തുന്നത് ആന്ധ്ര, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമുള്ള സ്ഥാപന പ്രതിനിധികളാണ്. കർഷക കൂട്ടായ്മകൾക്കു പകരം സ്വകാര്യ വ്യവസായികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനാണ് അവരുടെ പ്രധാന ശ്രമം. തൊഴിലാളികളുടെ സംഘടിതമായ എതിർപ്പില്ലാതെ താരതമ്യേന കുറഞ്ഞ കൂലിയിൽ അവർക്ക് നീരമേഖലയിൽ കാലുറപ്പിക്കാൻ ഇത് വളരെ അനുഗുണമായിരിക്കുമെന്നും ചില പഠനങ്ങൾ വ്യക്തമാക്കുന്നു. നീര മേഖലയിലെ പ്രതീക്ഷയ്ക്ക് മങ്ങലേറ്റപ്പോൾ അതു വലുതായി പ്രതിഫലിക്കാതിരുന്നത് തേങ്ങയുടെ വില ഉയർന്നതുകൊണ്ടാണ്. തേങ്ങാവില ഉയർന്നപ്പോൾ കരിക്കിന്റെ വിലയും ഉയർന്നു. പക്ഷെ തെങ്ങുകൂലി വീണ്ടും വർദ്ധിക്കുകയാണ്. ചെലവ് ഇടിച്ചുതാഴ്ത്താൻ കഴിയുന്ന രീതിയിൽ



**കേരളത്തിൽ സ്ഥിതിചെയ്യുന്ന കേന്ദ്രഗവൺമെന്റിന്റെ നാളികേര വികസന കാര്യാലയത്തിലെല്ലാം നീരവ്യവസായത്തിന്റെ മേഖലകളെക്കുറിച്ച് പഠിക്കാനും പരിശീലിക്കാനും എത്തുന്നത് ആന്ധ്ര, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമുള്ള സ്ഥാപന പ്രതിനിധികളാണ്.**

പുതിയ ഉപകരണസൃഷ്ടിക്കുള്ള പരിശ്രമങ്ങൾ വളരെ ദുർബലമാണ്. മനുഷ്യനെ ചന്ദ്രനിലയയ്ക്കാൻ തക്കവിധം ശാസ്ത്രം വളർന്ന ഇന്ത്യയിൽ തെങ്ങിൽ കയറാൻ ലഘുവും സരളവുമായ യന്ത്രം കണ്ടുപിടിക്കാൻ കഴിയാത്തത് ഉത്തരമില്ലാത്ത ചോദ്യമായി അധികകാലം നിലനിൽക്കുന്നത് നമുക്ക് അപമാനമാണ്.

തേങ്ങാവെള്ളത്തിന്റെ ഉപഭോഗവും ആവശ്യവും വിദേശങ്ങളിൽ വർദ്ധിച്ചുവരുന്നു. സിംഗപ്പൂരിൽ നിന്നും ഫിലിപ്പൈൻസിൽ നിന്നും യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വരുന്ന ഇതിനെ സംബന്ധിച്ച വാർത്തകൾ പ്രസിദ്ധീകരിക്കാനും വായിക്കാനും നാം സമയം കണ്ടെത്തുന്നില്ല. ഒരു കുപ്പിവെള്ളത്തിനെക്കാൾ രണ്ടിരട്ടി വിലയാണ് ഒരു കുപ്പി ഗീർ പശുവിന്റെ മൂത്രത്തിന്. ഒട്ടനവധി മരുന്നുകളിലും കീടനാശിനികളിലും വളക്കൂട്ടുകളിലും ശക്തിപകരാൻ പശുവിൻമൂത്രം സാർവത്രികമായി

ഉപയോഗിക്കുന്നു. ആയിരക്കണക്കിന് തേങ്ങ ഉടയ്ക്കുന്ന കേരളത്തിൽ തേങ്ങാവെള്ളം ശേഖരിച്ച് വിപണനം നടത്താനുള്ള പൈലറ്റ് പദ്ധതിപോലും നമുക്ക് നടപ്പാക്കാൻ കഴിയുന്നില്ല.

നൈപുണ്യവികസനവും അതോടൊപ്പം പൊതുസംരംഭക സൃഷ്ടിക്കുമുള്ള കഠിനപരിശ്രമം കാലഘട്ടത്തിന്റെ മാത്രമല്ല രാഷ്ട്രത്തിന്റെ നിലനിൽപിനും യുവത്വത്തിന്റെ പ്രസരിപ്പുള്ള വികസനത്തിനും അത്യന്താപേക്ഷിതമാണ്. അതിനുള്ള അസംസ്കൃത വസ്തുക്കൾക്കുവേണ്ടി ആരായുമ്പോൾ ആദ്യം ഉയർന്നുവരുന്നത് കേരകൃഷിമേഖലയാണ്. ഒരു തെങ്ങിൻതോപ്പിൽ പതിക്കുന്ന സൂര്യപ്രകാശത്തിന്റെ 58% വും കൃഷിസ്ഥലത്തിന്റെ 80% വും തെങ്ങുപയോഗിക്കുന്നില്ല. വളരുന്ന ഭൂമിയിൽ ഇത്രയധികം സൂര്യപ്രകാശവും മണ്ണും മറ്റുവിളകൾക്കു നൽകി ഇണക്കത്തോടുകൂടി ബഹുവിളകൃഷിയെ സ്വാഗതം ചെയ്യുന്ന മറ്റൊരു വിളവും ലോകത്തില്ല. കൃഷി ഗവേഷകരും കർഷകരും ഒരുപോലെ അഭിപ്രായപ്പെടുന്നത് തെങ്ങുകൃഷിയിടങ്ങളിൽ മറ്റുവിളകളും കൃഷി ചെയ്താൽ തെങ്ങിന് പ്രത്യേകമായ പരിചരണം ആവശ്യമില്ല എന്നാണ്. സഹവിളകളോട് ഇത്രയേറെ ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് വളരുന്ന മറ്റൊരു മുഖ്യവിളയും ലോകത്ത് കാണാനാവില്ല. വേരു മുതൽ പൂമ്പൊടി വരെയുള്ള സർവ ഭാഗങ്ങൾക്കും വാണിജ്യപ്രാധാന്യമുണ്ട്. ഇതിനെ സംരംഭസൃഷ്ടിക്കും മൂല്യവർദ്ധിത ഉല്പന്ന നിർമാണത്തിനും കൃഷിക്കാരുടെ ആദായം ഇരട്ടിപ്പിക്കാനുള്ള ദേശീയ സാമ്പത്തിക ലക്ഷ്യത്തിനും ഉപകരിക്കുംവിധം ഒരു സംസ്ഥാന നയവും പരിപാടികളും രൂപപ്പെടുത്താനുള്ള ശ്രമം ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കൃഷിയുടെയും വ്യവസായത്തിന്റെയും സാമൂഹ്യക്ഷേമത്തിന്റെയും രംഗത്ത് ചുക്കാൻ പിടിക്കുന്ന സർവരും ഒന്നിച്ച് യത്നിക്കേണ്ട രംഗമാണിത്. നാട്ടിൽ തൊഴിൽ സാധ്യതകളും തൊഴിലുറപ്പും കാർഷിക ഐശ്വര്യവും വർദ്ധിക്കുന്നതോടൊപ്പം ഗ്രാമീണ സമ്പദ് വ്യവസ്ഥകളുടെ വളർച്ചയ്ക്കും ഇത് മറ്റെന്തിനെക്കാളും വേഗത്തിൽ വഴിതെളിയ്ക്കും.



ബൈജു നെടുങ്കേരി

# സ്റ്റീൽ സ്ക്രബർ നിർമ്മാണം




കേരളത്തിന്റെ പുതിയ വ്യവസായനയം ചെറുകിട വ്യവസായ മേഖലയ്ക്ക് കരുത്ത് പകരുന്ന ഒന്നാണ്. നാനോ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നിയമങ്ങൾ നയത്തിൽ ഉൾപ്പെടുത്തുക വഴി പുതിയ ഒരു വ്യവസായ സംസ്കാരത്തിനു കൂടി വഴി തുറന്നിരിക്കുകയാണ്. നിരവധി വ്യവസായങ്ങൾ ഇത്തരത്തിൽ നാനോ സംരംഭങ്ങളായി ആരംഭിക്കാൻ കഴിയും. നമ്മൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പല ഉൽപന്നങ്ങളും അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നത് കോടിക്കണക്കിന് രൂപയാണ് ഇത്തരം കുടുംബ സംരംഭങ്ങൾക്ക് കേരളത്തിൽ അവസരം ഒരുക്കുക വഴി വലിയ വ്യവസായ കുതിച്ചു ചാട്ടത്തിന് കളമൊരുങ്ങും. കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കും അതുവഴി വലിയ സാമൂഹ്യ മാറ്റത്തിനും ടി തീരുമാനം വഴിവയ്ക്കും. കുടുംബ സംരംഭമായി ആരംഭിക്കാൻ കഴിയുന്ന കാര്യക്ഷമതയുള്ള ഒരു വ്യവസായമാണ് സ്റ്റീൽ സ്ക്രബറുകളുടെ നിർമാണം.

## സ്റ്റീൽ സ്ക്രബർ നിർമ്മാണം

മലയാളികളുടെ അടുക്കളകൾ എന്നെ

സ്മാർട്ടായി കഴിഞ്ഞു. ചാരവും പച്ചിലകളും ചകിരിയും ഉപയോഗിച്ച് പാത്രങ്ങൾ വൃത്തിയാക്കുന്ന ശീലം ഏകദേശം 15 വർഷങ്ങൾക്കു മുമ്പ് തന്നെ മലയാളി ഉപേക്ഷിച്ചതാണ്. ഡിഷ് വാഷ് ലിക്വിഡുകളും സ്റ്റീൽ സ്ക്രബറുകളും ആ സ്ഥാനം കൈയടക്കി. ഇത്തരത്തിലുള്ള സ്റ്റീൽ സ്ക്രബറുകൾ 90% ഉം നിർമിക്കുന്നത് അന്യസംസ്ഥാനങ്ങളിലാണ്. എല്ലാം തന്നെ കുടിൽ വ്യവസായങ്ങളുമാണ്. യന്ത്ര സഹായത്തോടെയുള്ള സ്റ്റീൽ സ്ക്രബറുകളുടെ നിർമാണം കേരളത്തിലും ആരംഭിക്കാൻ കഴിയുന്ന സംരംഭമാണ്. മനുഷ്യ അധ്വാനം തീരെ കുറവുള്ള ഓട്ടോമാറ്റിക് യന്ത്രം ഉപയോഗിച്ചാണ് സ്റ്റീൽ സ്ക്രബറുകളുടെ നിർമാണം. പ്രാദേശിക പലചരക്ക് ഷോപ്പുകൾ മുതൽ മാളുകളിൽ വരെ വിപണിയുണ്ട്.







അസംസ്കൃത വസ്തുവായ സ്റ്റീൽ വയറുകൾ സുലഭമായി വാങ്ങാൻ ലഭിക്കും. ചെറിയ പരിശീലനത്തിലൂടെ യന്ത്രം പ്രവർത്തിപ്പിക്കാനുള്ള പ്രാവീണ്യം നേടുകയുമാകാം. 5 ഗ്രാം വീതമുള്ള റോളുകളാക്കിയാണ് സ്ക്രബറുകൾ വിൽപനയ്ക്ക് എത്തിക്കുന്നത്.

## മാർക്കറ്റിങ്ങ്

ഇന്ത്യയിൽ എല്ലായിടത്തേക്കും മാർക്കറ്റിങ് നടത്താൻ കഴിയുന്ന ഉല്പന്നമാണ് സ്റ്റീൽ സ്ക്രബ്. കേരളത്തിലും അന്യ സംസ്ഥാനത്തും വിതരണക്കാരെ നിയമിച്ചും വില്പന നടത്താം. 10 എണ്ണവും 6 എണ്ണവും അടങ്ങുന്ന വിവിധതരം പായ്ക്കുകളാക്കിയാണ് വില്പനയ്ക്ക് എത്തിക്കുന്നത്. നിലവിൽ 20 രൂപ മുതൽ 25 രൂപ വരെയുള്ള വിലകളിൽ ഉത്പന്നങ്ങൾ ലഭ്യമാണ്. ബ്രാന്റഡ് കമ്പനികളുടെ ഉൽപന്നങ്ങളും ചെറുകിട കമ്പനികളുടെയും നിർമാണ രീതികൾ ഒന്നായിരിക്കുന്നതിനാൽ ഗുണമേന്മ നിലനിർത്താൻ ചെറുകിടക്കാർക്കും സാധിക്കും.

## നിർമാണരീതി

0.03 എം. എം. സ്റ്റീൽ വയറുകളിൽ നിന്നാണ് സ്റ്റീൽ സ്ക്രബറുകൾ നിർമിക്കുന്നത്. ഓട്ടോമാറ്റിക് നിർമാണ യന്ത്രത്തിൽ സ്റ്റീൽ വയറുകൾ യഥാസ്ഥാനത്ത് സ്ഥാപിക്കുന്നു. തുടർന്ന് ടി വയറുകൾ യന്ത്രത്തിലുള്ള റോളുകൾ ഉപയോഗിച്ച് പരത്തിയെടുത്ത് യന്ത്രത്തിൽ തന്നെയുള്ള റോളുകളാൽ ചുറ്റിയെടുക്കുന്നതാണ് നിർമാണരീതി. പരത്തുന്ന സമയത്ത് ചൂട് കുറയ്ക്കുന്നതിനായി റോളുകളിലും പിന്നീട് പച്ചവെള്ളം ഉപയോഗിച്ച് തണുപ്പിക്കുന്നു. കബിയും തുടർന്ന് റോളുകളിൽ നിന്ന് നീക്കം ചെയ്യുന്ന സ്ക്രബറുകൾ ആകൃതി വരുത്തി പ്ലാസ്റ്റിക് ഫോയിൽ പായ്ക്ക് ചെയ്താണ് വിപണിയിലെത്തിക്കുന്നത്.

## മൂലധനനിക്ഷേപം

| | |
|---|---|
| 1. സ്ക്രബ് നിർമിക്കുന്ന യന്ത്രം | 4,00,000 |
| 2. പായ്ക്കിംഗ് മെഷീൻ | 2,50,000 |
| 3. അനുബന്ധ സംവിധാനങ്ങൾ | 50,000 |
| 4. പ്രവർത്തന മൂലധനം | 1,50,000 |
| **ആകെ** | **8,50,000** |

## പ്രവർത്തന വരവ് ചെലവ് കണക്ക്

(പ്രതിദിനം 8000 സ്ക്രബറുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ്)

| | |
|---|---|
| 1. സ്റ്റീൽ വയർ 0.03 എം. എം 40 കി. ഗ്രാം * 220 | 8800 |
| 2. പായ്ക്കിംഗ് കെയ്സ് | 8000 |
| 3. ജീവനക്കാരുടെ വേതനം | 1600 |
| 4. പായ്ക്കിംഗ് & ട്രാൻസ്പോർട്ടേഷൻ | 8000 |
| 5. അനുബന്ധ ചെലവുകൾ | 500 |
| **ആകെ** | **26,900** |

## വരവ്

(പ്രതിദിനം 8000 സ്ക്രബറുകൾ വിറ്റഴിക്കുമ്പോൾ)

| | |
|---|---|
| 1. സ്ക്രബ് എം. ആർ. പി. 8000 * 15 | 1,20,000 |
| 2. 50% കമ്മീഷൻ കിഴിച്ച് ഉല്പാദകന് ലഭിക്കുന്നത് 8000 * 7.50 | 60,000 |

## ലാഭം

| | |
|---|---|
| വിറ്റുവരവ് | 60,000 |
| ചെലവ് | 26,900 |
| **ലാഭം** | **33,100** |

## സാങ്കേതിക വിദ്യ പരിശീലനം

കേരളത്തിലെ ആദ്യ കാർഷിക ഭക്ഷ്യ സംസ്കരണ രംഗത്തെ ഇൻകുബേഷൻ സെന്ററായ പിറവം അഗ്രോപാർക്കിൽ നിന്ന് സാങ്കേതികവിദ്യ പരിശീലനം ലഭിക്കും.

## ലൈസൻസ്

ഉദ്യോഗ് ആധാർ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ലൈസൻസ്, ജി. എസ്. ടി എന്നിവ നേടിയിരിക്കണം.



എഴുമാവിൽ രവീന്ദ്രനാഥ്

# വ്യവസായ സഹകരണ സംഘങ്ങൾ അടിസ്ഥാനരേഖകൾ

വ്യവസായ രംഗത്തെ ചെറുകിട സംരംഭങ്ങളുടെ വളർച്ചയും വികാസവും ലക്ഷ്യമാക്കി രൂപീകൃതമായ സ്ഥാപനങ്ങളാണ്. ഒന്നോ അതിലധികമോ ഉല്പന്നങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട സമാന മനസ്കരുടെ സംരംഭമാണ് ഇവയിൽ മിക്കതും. ഉല്പാദനം, വിപണനം, അസംസ്കൃത വസ്തുക്കളുടെ സംഭരണം തുടങ്ങിയ മേഖലകളിലാണ് പൊതുവെ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നത്. സംഘങ്ങളുടെ രൂപീകരണം പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ രൂപരേഖയും മാർഗനിർദ്ദേശങ്ങളും ഉണ്ടെങ്കിലും ഇവ എന്തെന്ന് മനസ്സിലാക്കുവാനോ അതിനനുസരിച്ച് പ്രവർത്തിക്കുവാനോ പല സ്ഥാപനങ്ങളും വൈമുഖ്യം കാട്ടുന്നു. ഏതൊക്കെയാണു പ്രധാന രേഖകളെന്നോ അവ എപ്രകാരം തയ്യാറാക്കണമെന്നോ സൂക്ഷിക്കണമെന്നോ പുതുതലമുറയിലെ പല സംഘം ഭാരവാഹികൾക്കും ധാരണയില്ല എന്നുള്ളത് ഒരു നഗ്നയാഥാർത്ഥ്യമാണ്. വിജയകരമായി പ്രവർത്തിച്ചുവരുന്ന പല സംഘങ്ങളിലും പരിശോധനയ്ക്കെത്തുന്നവർക്ക് അടിസ്ഥാന രേഖകൾ ഒന്നും തന്നെ കാണാനാവുന്നില്ല എന്ന ഖേദകരമായ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടായേ പറ്റൂ.

ഒന്നോ അതിലധികമോ ഉല്പന്നങ്ങളിൽ പ്രാവീണ്യമോ താല്പര്യമോ ഉള്ള ഒരു കൂട്ടം സംരംഭകരാണ് വ്യവസായ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ സംഘത്തിന് ഒരു ബൈലാ ഉണ്ടാവണം. അംഗങ്ങൾ ചേർന്ന് പ്രഥമയോഗം ചേർന്ന് ഒരു പ്രമോട്ടറേയോ അഡ്ഹോക്ക് കമ്മറ്റിയേയോ തെരഞ്ഞെടുത്തുകൊണ്ടാണ് രജിസ്ട്രേഷൻ



നടപടികൾ പൂർത്തിയാക്കേണ്ടത്. തുടർന്ന് സംഘത്തിന് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കാവുന്നതും പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകാവുന്നതുമാണ്. സംഘത്തിന്റെ രേഖകൾ സൂക്ഷിക്കേണ്ട ചുമതല സെക്രട്ടറിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. രജിസ്ട്രേഷൻ ലഭിച്ചു കഴിഞ്ഞാൽ ആ സർട്ടിഫിക്കറ്റും അംഗീകൃത ബൈലായും പ്രാഥമികരേഖയായി സെക്രട്ടറിയുടെ കൈവശത്തിൽ സൂക്ഷിക്കണം.

ഇനിയുള്ളത് ഡേ ബുക്ക് ആണ്



**ഒന്നോ അതിലധികമോ ഉല്പന്നങ്ങളിൽ പ്രാവീണ്യമോ താല്പര്യമോ ഉള്ള ഒരു കൂട്ടം സംരംഭകരാണ് വ്യവസായ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ സംഘത്തിന് ഒരു ബൈലാ ഉണ്ടാവണം. അംഗങ്ങൾ ചേർന്ന് പ്രഥമയോഗം ചേർന്ന് ഒരു പ്രമോട്ടറേയോ അഡ്ഹോക്ക് കമ്മറ്റിയേയോ തെരഞ്ഞെടുത്തുകൊണ്ടാണ് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടത്.**

(നാൾവഴി) ഓരോ ദിവസത്തെയും വരവു ചെലവു കണക്കുകൾ ഇതിൽ ഇടതും വലത്തുമായി എഴുതുകയും ദിനാന്ത്യത്തിൽ അവ തുലനം ചെയ്ത് (ടാലിയാക്കി) കണക്ക് ക്ലോസ് ചെയ്ത് പ്രസിഡന്റും സെക്രട്ടറിയും ഒപ്പുവെക്കണം. ഇപ്രകാരം ഒരു മാസം പൂർത്തിയാകുമ്പോൾ പ്രതിമാസവരവു ചെലവ് സംക്ഷിപ്ത രജിസ്റ്ററിലേക്ക് (ആർ ആന്റ് ഡി രജിസ്റ്റർ) കണക്കുകൾ മാറ്റപ്പെടുന്നു. ഓരോ ഇനം തിരിച്ചാണ് ഇവിടെ കണക്കുകൾ ക്രോഡീകരിക്കുന്നത്. നാൾവഴിയിൽ അന്നന്നത്തെ കണക്കുകൾ അതേപടി പകർത്തപ്പെടുന്നു. ഇവ ഇനം തിരിച്ചെഴുതുന്ന രജിസ്റ്ററാണ് ജനറൽ ലഡ്ജർ. ഇതിലെ ഇനങ്ങൾ (ഹെഡ്ഡുകൾ) ഒരു മാസം കൂട്ടിയെടുത്താണ് ആർ. ആന്റ് ഡി മന്ത്ലി രജിസ്റ്ററിൽ എഴുതുക. ഇപ്രകാരം 12 ആർ ആന്റ് ഡി സ്റ്റേറ്റ്മെന്റ് ഒരു വർഷം ഉണ്ടാകും. ഇവ ക്രോഡീകരിച്ചാണ് ആനുവൽ ആർ ആന്റ് ഡി രൂപപ്പെടുന്നത്.

ഇനി വേണ്ടത് ഷെയർ രജിസ്റ്റർ അഥവാ മെമ്പർഷിപ്പ് രജിസ്റ്റർ ആണ്. ഒരോ അംഗത്തിന്റെ വിശദാംശങ്ങളും ഫോട്ടോയും എടുത്ത ഓഹരിയുടെ എണ്ണവും മൂല്യവും ഈ രജിസ്റ്ററിൽ കാണും. ഓരോ മാർച്ച് 31 നും ഇവയുടെ ക്രോഡീകരണം നടത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കണം. മുൻവർഷം ആകെ ഉണ്ടായിരുന്ന അംഗങ്ങൾ, അവയിൽ അംഗത്വം പിൻവലിച്ചവർ, പുതുതായി അംഗത്വമെടുത്തവർ, തൻവർഷത്തെ ആകെ അംഗങ്ങൾ, അവരുടെ ഓഹരിമൂല്യം എന്നിവ സ്റ്റേറ്റുമെന്റിൽ ഉണ്ടാവണം. കഴിഞ്ഞ വർഷത്തെ അംഗങ്ങളിൽ നിന്ന് പുറത്തുപോയവരുടെ എണ്ണം കുറച്ച് പുതുതായിച്ചേർന്നവരുടെ എണ്ണം കൂട്ടുമ്പോൾ തൻവർഷത്തെ അംഗസംഖ്യ കിട്ടും. അതിനെ ഷെയർ വാല്യുവുമായി ഗുണിക്കുമ്പോൾ ആകെ ഷെയർ എത്രയെന്നു കിട്ടും.

അടുത്തതാണ് ബാങ്ക് അക്കൗണ്ട് രജിസ്റ്റർ. സംഘത്തിന് ഒന്നോ അതിലധികമോ ബാങ്ക് അക്കൗണ്ടുകൾ ഉണ്ടാവാം. സേവിങ്ങ്സ്, കറന്റ്, ഫിക്സഡ് എങ്ങനെയാവാം ഈ അക്കൗണ്ടുകൾ ഇവയിലെ സേവിങ്ങ്സ് കറന്റ് അക്കൗണ്ടുകളിലെ നിക്ഷേപം, പിൻവലിക്കൽ എന്നിവ വ്യക്തമായി ഈ രജിസ്റ്ററിൽ രേഖപ്പെടുത്തണം. കൂടാതെ ഇവയ്ക്ക്






ലഭിക്കുന്ന പലിശയും വരവായി രേഖപ്പെടുന്ന ബാങ്ക് അക്കൗണ്ട് രജിസ്റ്ററിലെ തുകയും ബാങ്ക് പാസ്സ് ബുക്കിലെ തുകയും കൃത്യമായിരിക്കണം.

അടുത്തതായി വേണ്ടത് പർച്ചേസ് രജിസ്റ്ററാണ്. ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ പർച്ചേസ് ആണിവിടെ ഉദ്ദേശിക്കുന്നത്. പർച്ചേസ് എപ്പോഴും സുതാര്യമായിരിക്കണം. ഇതിനായി ദർഘാസുകൾ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്നവരിൽ നിന്നുമായുള്ള ഉല്പന്നങ്ങൾ വാങ്ങാൻ. വില മാത്രമല്ല, ഗുണനിലവാരം കൂടി നോക്കേണ്ടതുണ്ട്. ഇതിലേക്ക് ഒരു എക്സ്പർട്ട് ഉപദേശം കൂടി തേടുന്നതാണ് നന്ന്. ദർഘാസ് ക്ഷണക്കുന്നതും അവയിൽ നിന്ന് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതും ഓർഡർ നൽകുന്നതും സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നത് നല്ലൊരു കീഴ്‌വഴക്കമാണ്. പർച്ചേസ് രജിസ്റ്ററിൽ വാങ്ങുന്ന ഓരോ ഇനവും തരം തിരിച്ച് അവയുടെ വില എണ്ണം, ആകെത്തുക, പേയ്മെന്റ് വിശദാംശങ്ങൾ എന്നിവ എഴുതണം.

മിനുട്ട്സ് ബുക്ക് മറ്റൊരു പ്രധാനരേഖയാണ്. സഹകരണ സംഘം ഒരു ജനാധിപത്യ സംവിധാനമാണ്. പ്രതിമാസമോ ദ്വൈമാസികമോ ആയി (ബൈലാ പ്രകാരം) കൃത്യമായി അംഗങ്ങൾക്ക് നോട്ടീസ് നൽകി കമ്മറ്റി മീറ്റിങ്ങ് വിളിച്ചു കൂട്ടേണ്ടതും അജണ്ടാപ്രകാരം മിനുട്ട്സ് തയ്യാറാക്കേണ്ടതുമാണ്. പിന്നീറ്റ് കമ്മറ്റിയിൽ പങ്കെടുത്തവരുടെ ഹാജർ രേഖപ്പെടുത്തണം. ഇതുപോലെതന്നെ മീറ്റിങ്ങിനുള്ള നോട്ടീസ് നൽകുമ്പോഴും അവ എല്ലാ അംഗങ്ങൾക്കും കിട്ടിയെന്നും ഉറപ്പു വരുത്തുവാനായി അവരുടെ ഒപ്പുവാങ്ങേണ്ടതാണ്. മിനുട്ട്സ് ബുക്കിൽ യോഗതീരുമാനങ്ങൾ അക്കമിട്ട് എഴുതേണ്ടതും യോഗശേഷം അത് ക്ലോസ്

ചെയ്ത് പ്രസിഡന്റും സെക്രട്ടറിയും ഒപ്പുവെക്കേണ്ടതും സീൽ പതിപ്പിക്കേണ്ടതുമാണ്.

അടുത്തതായി സൂക്ഷിക്കേണ്ട രേഖയാണ് സ്റ്റോക്ക് രജിസ്റ്റർ. സംഘത്തിലെ എല്ലാ ജംഗമവസ്തുക്കളും ഇതിൽ ചേർക്കണം. അവയുടെ എണ്ണം, മൂല്യം ഇവ ചേർത്ത് ഓരോ സാമ്പത്തിക വർഷാവസാനവും സ്റ്റോക്കെടുപ്പ് നടത്തണം. ഇതിൽ കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമായവ വന്നാൽ അത് പ്രത്യേകം രേഖപ്പെടുത്തുകയും കമ്മറ്റി തീരുമാനപ്രകാരം ലേലം ചെയ്യുകയും ആവാം. ജംഗമവസ്തുക്കളുടെ മൂല്യം ഓരോ വർഷവും കുറയും. ആയതിനാൽ വാങ്ങിയ വർഷത്തെ മൂല്യമാവില്ല സ്റ്റോക്കെടുപ്പ് വേളയിൽ രേഖപ്പെടുത്തുക.

മറ്റൊന്നാണ് പ്രൊഡക്ഷൻ രജിസ്റ്റർ. പർച്ചേസ് രജിസ്റ്റർ പ്രകാരം വാങ്ങുന്ന അസംസ്കൃത വസ്തുക്കൾ പ്ലാന്റിലേക്ക് നീക്കുമ്പോൾ അവ ഇൻവേഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. ഇവിടെ നിന്നും ആവശ്യാനുസരണം ഇവ ഉപയോഗിക്കുകയും അക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ആകെ ലഭിച്ചത്, ഉല്പാദനത്തിന് ഉപയോഗിച്ചത്, ബാക്കി എന്നിങ്ങനെ ഇവയ്ക്കും കണക്കുകൾ ഉണ്ടാവണം. ഇവിടെ നിന്ന് ഉല്പന്നമായി മാറ്റപ്പെടുന്നവയും കണക്കെടുപ്പു തുടങ്ങുന്നു. ഇവ പ്രൊഡക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തും. ആകെ യൂണിറ്റുകൾ (ഉല്പാദിപ്പിച്ചവ) ട്രയൽ റൺ ആയി ഉല്പാദിപ്പിച്ചവ, ഡാമേജ് ആയവ, വിപണനത്തിന് യോഗ്യമായവ എന്നിങ്ങനെ പ്രൊഡക്ഷൻ രജിസ്റ്ററിൽ തരംതിരിവ് ഉണ്ടാവണം. ഇതിൽ നിന്ന് ഫിനിഷ്ഡ് ഗുഡ്സ് രജിസ്റ്റർ വഴി ഉല്പന്നങ്ങൾ വിപണനത്തിന് സജ്ജമാകുന്നു. ഇതിൽ നിന്ന് നിശ്ചിതശതമാനം സാംപിൾ ആയോ, കോംപ്ലിമെന്റ് ആയോ, ഓഫർ ആയോ മാറ്റപ്പെട്ടേക്കാം. ഇവയുടെ മൂല്യം രേഖപ്പെടുത്തി സെയിൽസ് പ്രമോഷൻ എക്സ്പൻസിലേക്ക് ഇവ വരവു വെക്കണം. സാംപിൾ, കോംപ്ലിമെന്റ് എന്നിവ ഹോൾസെയിൽ, റീട്ടെയിൽ സ്റ്റോക്കിസ്റ്റുകൾക്കും തുടക്കത്തിൽ ഉല്പന്നത്തിനെപ്പറ്റി അവബോധം സൃഷ്ടിക്കാനായി നൽകുന്നവയാണ്. ഓഫർ എന്നത് നിശ്ചിത യൂണിറ്റ് പർച്ചേസ് നടത്തുമ്പോൾ നൽകുന്ന പ്രോത്സാഹനമാണ്.

ഇനിയുള്ളത് സെയിൽസ് രജിസ്റ്റർ ആണ് ഡെയ്‌ലി, മന്ത്‌ലി, ആനുവൽ സെയിൽസ് റിപ്പോർട്ടുകൾ കൃത്യമായി ലഭിക്കാൻ ഈ ഓൺലൈൻ യുഗത്തിൽ സംവിധാനമുണ്ട്. വിപണന ശൃംഖലകളിൽ നിന്നും ഇതു കൃത്യമായി ലഭിക്കും. നികുതി നിർണയത്തിനും ഇത് സഹായകമാവുന്നു. ഇവ കൂടാതെ സാലറി രജിസ്റ്റർ, ബോണസ് രജിസ്റ്റർ, ഇൻസന്റീവ് രജിസ്റ്റർ, കമ്മീഷൻ രജിസ്റ്റർ തുടങ്ങിയവ പ്ലാന്റിന്റെ വലുപ്പവും വിപണനത്തിന്റെ വ്യപ്തിയുമനുസരിച്ച് സൂക്ഷിക്കാറുണ്ട്. ആറ്റിൽ കളഞ്ഞാലും അളന്നു കളയണമെന്നല്ലേ പ്രമാണം. എല്ലാത്തിനും രേഖകളുണ്ടെങ്കിൽ സുഗമം സുതാര്യം സുഭദ്രം.

*With Complement*

P.V. Mohanan

# Varuna Soda Industries

Mananthala

ലോറൻസ് മാത്യു



# ലോകം വെയറബിൾ ഇലക്ട്രോണിക്സിന് പിന്നാലെ

സാങ്കേതികവിദ്യ നാം സങ്കൽപിക്കുന്നതിനപ്പുറം വളർന്നുകൊണ്ടേയിരിക്കുന്നു. ഇന്റർനെറ്റ് ഓഫ് തിങ്സ് എന്നത് നമുക്ക് ചിന്തിക്കുവാനാവാത്ത സൗകര്യങ്ങളൊരുക്കുന്നു. അതിനനുസരിച്ച് പുതുപുത്തൻ ഉല്പന്നങ്ങൾ വിപണിയിലേക്കെത്തുന്നു. എന്നാൽ ഏറെത്താമസിയാതെ തന്നെ കൂടുതൽ സൗകര്യങ്ങളോടെ ഇപ്പോഴുള്ളവയുടെ പുത്തൻ രൂപങ്ങൾ വരുന്നു. ഇവിടെയാണ് സ്റ്റാർട്ടപ്പുകളുടെ വെല്ലുവിളിയും. അനുദിനം ഉണ്ടാകുന്ന മാറ്റങ്ങൾ വിപണിയെ ഗണ്യമായി സ്വാധീനിക്കുവാൻ കഴിവുള്ളവയെ ആകുമ്പോൾ ഇന്ന് ഡിസൈൻ ചെയ്യുന്ന ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും നാളെ വിപണി ഉണ്ടായില്ലെന്ന് വരാം. ആയതിനാൽത്തന്നെ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ബിസിനസുകളിൽ ഏറെ നേട്ടം കൊയ്യുന്നവ സ്വന്തമായി ഗവേഷണ വിഭാഗവും മാർക്കറ്റ് റിസേർച്ച് സംവിധാനങ്ങളുമുള്ള വൻകിട കമ്പനികളാവാം. ഇത്തരത്തിലുള്ള ഒരു ബിസിനസ്സ് ലോകമാണ്. അല്ലെങ്കിൽ ഉൽപന്ന ശൃംഖലയാണ് വെയറബിൾ ഇലക്ട്രോണിക്സിന്റേത്.

## എന്താണ് വെയറബിൾ ഇലക്ട്രോണിക്സ്

ശരീരത്തിൽ വസ്ത്രം പോലെയോ ആഭരണം പോലെയോ അണിയാവുന്നതും ഇന്റർനെറ്റുമായി ഘടിപ്പിച്ചിട്ടുള്ളതുമായ ഇലക്ട്രോണിക്സ് ഡിവൈസുകളാണിവ എന്ന് ലളിതമയി പറയാം. റിസ്റ്റ് വാച്ചുകളും കണ്ണടകളും മുതൽ ബ്രേസ്‌ലെറ്റുകളും ഹിയറിങ്ങ് എയ്ഡുകളും വരെയുള്ള ഒരു നീണ്ട ഉൽപന്നശ്രേണിയാണ് ഇവിടെ നമ്മെ കാത്തിരിക്കുന്നത്. അനുദിനം പുതുപുത്തൻ ഉൽപന്നങ്ങൾ ഈ ശൃംഖലയിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ടു കൊണ്ടിരിക്കുന്നു. റിസ്റ്റ് വാച്ചുകളും കണ്ണടകളും മുതൽ ബ്രേസ്‌ലെറ്റുകളും ഹിയറിങ്ങ് എയ്ഡുകളും വരെ വെയറബിൾ ഇലക്ട്രോണിക്സ് ഉൽപന്നങ്ങളായി നമുക്ക് മുമ്പിൽ എത്തിക്കഴിഞ്ഞു. ടെക്നോളജി ഭീമന്മാർ ഈ

ദിശയിലെ ഗവേഷണം തുടരുമ്പോൾതന്നെ വിവിധ സ്റ്റാർട്ടപ്പുകളും ഈ രംഗത്തുണ്ട്. മനുഷ്യന്റെ ദൈനംദിന ജീവിതത്തിലെ പല പ്രശ്നങ്ങൾക്കും പരിഹാരമെന്ന നിലയിലോ അതുമല്ലായെങ്കിൽ ജീവിതം തന്നെ ആയാസ രഹിതമാക്കുവാനോ എന്ന നിലയിലാണ് പലതും അവതരിപ്പിക്കപെപടുന്നത് തന്നെ. കേവലമൊരു കൗതുകമെന്നതിൽ നിന്നപ്പുറം മനുഷ്യന്റെ ജീവിതത്തിലെ പല മേഖലകളിലും ഇത് സ്ഥാനം പിടിച്ചിട്ടുണ്ട്. ഹെതത്ത് ബാന്റുകൾ ഇപ്പോൾതന്നെ സർവസാധാരണമായിട്ടുണ്ട്. അതോടൊപ്പം സ്മാർട്ട് വാച്ചുകളും ഇന്ന് വെയറബിളുകളുടെ മുൻനിരയിൽത്തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്.

* ഹെൽത്ത്
* ഫിറ്റ്നെസ്സ്
* ഡിസെബിലിറ്റീസ്
* എഡ്യൂക്കേഷൻ ഗെയിമിങ്ങ്
* മ്യൂസിക്
* ട്രാൻസ്പോർട്ടേഷൻ, തുടങ്ങി വ്യത്യസ്തവും പ്രയോജനപ്രദവുമായ നിരവധി രംഗങ്ങളിൽ സാന്നിധ്യമറിയിച്ചിട്ടുള്ളവയാണ് വെയറബിൾ ഇലക്ട്രോണിക്സിന്റെ ഉൽപന്നശ്രേണി.

Wearableitalia എന്ന ഇറ്റാലിയൻ സ്റ്റാർട്ട് അപ് കമ്പനി ആഭരണങ്ങളിൽ വെയറബിൾസിന്റെ സാന്നിധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. അപരിചിത സ്പർശം ഉണ്ടാകുമ്പോൾ ഉടമയുടെ മൊബൈലിലേക്ക് ഒരു മെസ്സേജ് അയക്കപ്പെടുന്ന തരത്തിലാണ് ഇതിന്റെ ക്രമീകരണം. ആഭരണത്തിന്റെ ലൊക്കേഷൻ സഹിതമായിരിക്കും മെസ്സേജ്.

ഇത് മാത്രമല്ല, ബാസ്കറ്റ് ബോൾ കളിക്കാർക്കുള്ള പ്രത്യേക ഷൂസും വിപണിയിലെത്തിയിട്ടുണ്ട്.

കളിവേഗതയും ചാട്ടത്തിന്റെ ഉയരവും മാത്രമല്ല മൊത്തത്തിലുള്ള കളി നിലവാരവും വിലയിരുത്തുവാനിതുപകരിക്കും. ഇവിടെയും സ്മാർട്ട്ഫോണിലാണ് ഡേറ്റ ശേഖരിക്കപ്പെടുന്നത്. വെയറബിൾ ഇലക്ട്രോണിക്സിന്റെ പ്രാധാന്യം കേവലമൊരു സ്മാർട്ട് വാച്ചിലോ ഹെൽത്ത് ബാന്റിലോ മാത്രമായി ഒതുങ്ങുന്നയൊന്നല്ല. വ്യത്യസ്തവും വൈവിധ്യവുമായ ഉപയോഗങ്ങളുണ്ടിതിന്. പ്രധാനപ്പെട്ടവ മാത്രം ഒന്ന് നോക്കാം.




**സ്മാർട്ട് ടാറ്റൂ**

**1. സ്മാർട്ട് ടാറ്റൂ**

അലങ്കാരത്തിനപ്പുറത്തേക്ക് ടാറ്റൂ എത്തുന്നതിന്റെ പിമ്പിൽ എം. ഐ. ടി യിലേയും ഹാർഡ് വാർഡ് യൂണിവേഴ്സിറ്റിയിലേയും ഗവേഷകരാണ്. ബയോ സെൻസിറ്റീവ് ആയ ഈ മഷി കണ്ടുപിടിക്കുകയാണ് അവർ ചെയ്തത്. ശരീരത്തിലുടലെടുക്കുന്ന രോഗാവസ്ഥയ്ക്കനുസരിച്ച് ടാറ്റുവിന്റെ നിറം മാറും. അപ്പോൾ ഹോസ്പിറ്റലിൽ പോയാൽ മതിയാവും.

**2. വയർലെസ് സ്കിൻ**

രക്തത്തിലെ ഗ്ലൂക്കോസ് നില അറിയുവാനാണ് ത്വക്കിനിടയിൽ പതിപ്പിക്കുന്ന ഒന്നാണിത്. ഒരു ഇഞ്ചക്ഷനിലൂടെ ലളിതമായി ശരീരത്തിലുൾക്കൊള്ളിക്കാവുന്ന ഈ നാനോ മെംബ്രയിൻ പ്രവർത്തിക്കുന്നത് കൈത്തണ്ടയിലിടാവുന്ന സ്മാർട്ട് ബ്രേസ്ലെറ്റ് (മറ്റൊരു വെയറബിൾ) നൽകുന്ന വയർലെസ് ഇലക്ട്രിസിറ്റി ഉപയോഗപ്പെടുത്തിയാണ്.

**3. ഇന്റലിജെന്റ് തെർമോമീറ്റർ**

ശരീരത്തിലെ താപനില 24 മണിക്കൂറും നിരീക്ഷിച്ച് കൊണ്ടിരിക്കുന്ന ഇത് കുട്ടികളിൽ ഏറെ ഉപകാരപ്പെടുന്നയൊന്നാണ്. അതിനാൽത്തന്നെ താപനില ചാർട്ടായി

ലഭിക്കുവാനും കഴിയും. താപനില ക്രമാതീതമായി ഉയർന്നാൽ അലാറം നൽകുവാനും ഇതിൽ സംവിധാനമുണ്ട്. മാത്രവുമല്ല വിവരങ്ങൾ മൊബൈൽ ഫോണിൽ ലഭിക്കുവാനും കഴിയും.

**4. സ്മാർട്ട് ബ്ലഡ് പ്രഷർ മോണിറ്റർ**

ഉയർന്ന ബ്ലഡ് പ്രഷർ ഉള്ളവർക്ക് ഏറെ ഉപകാരപ്പെടുന്നയൊന്നാണ് ഇത്. മെഡിക്കൽ ഗ്രേഡിലുള്ള രക്ത സമ്മർദ്ദ നിലകൾ ഇതിലൂടെ ലഭിക്കും. ഫിലിപ്സ്, നോക്കിയ, ഒമ്റോൺ തുടങ്ങിയ കമ്പനികളെല്ലാം തന്നെ ഇതിന് പുറകെയുണ്ട്. വിവരങ്ങൾ തൽസമയം മൊബൈലിൽ അറിയുവാനും ഡോക്ടറെ അറിയിക്കുവാനും ഇതിൽ സൗകര്യമുണ്ട്.

**5. ആർട്ടറി ഡിക്ലോഗർ**

മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ പ്രത്യേക ഉപകരണം രൂപകൽപന ചെയ്തത്. പട്ടുനൂൽപ്പുഴുവിന്റെ രൂപത്തിലുള്ള ഈ വെയറബിൾ രക്ത ധമനികളിലൂടെ ഇഴഞ്ഞ് നീങ്ങി തടസ്സങ്ങൾ കണ്ടെത്തുവാൻ സഹായിക്കും.

**6. പേഷ്യന്റ് സ്റ്റാറ്റസ് എഞ്ചിൻ**

രോഗി ആശുപത്രി വിട്ടാൽപോലും രോഗിക്ക് പിന്നാലെ നീങ്ങുന്ന വയർ രഹിത വെയറബിളാണിത്. രോഗിയുടെ ഡാറ്റ സെൻട്രൽ പോയിന്റിൽ ആയ ഒരു സ്മാർട്ട് ഫോണിൽ നിന്നോ ടാബ്ലെറ്റിൽ നിന്നോ എടുക്കുവാൻ കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത. രക്തസമ്മർദ്ദം, പൾസ് റേറ്റ്, റെസ്പിറേഷൻ റേറ്റ്, ഹാർട്ട് റേറ്റ്, ടെമ്പറേച്ചർ ആന്റ് ഓക്സിജൻ സാറ്റുറേഷൻ ഇങ്ങനെയുള്ള നിരവധി ഡേറ്റകൾ തൽസമയം ലഭിക്കുന്നതുവഴി രോഗനിർണയവും സുഗമമാക്കാൻ കഴിയും.

**7. ടോക്കിങ്ങ് ഷൂസുമായി ഗൂഗിൾ**

സംസാരിക്കുന്ന ഒരു ഷൂസുമായി ഗൂഗിൾ എത്തിയിരിക്കുന്നുവെന്നതാണ് സാങ്കേതിക ലോകത്തെ പുതിയ വാർത്ത. നമ്മൾ എത്ര നടക്കുന്നുണ്ട് ഓടുന്നുണ്ട് എന്നതൊക്കെ ഈ ഷൂ പറഞ്ഞുതരും. കൂടുതൽ നടക്കുവാനും ജോഗിങ്ങ് ചെയ്യുവാനുമൊക്കെയുള്ള ഉപദേശങ്ങളും ഇത് തരും.

**8. സ്മാർട്ട് ടെക്സറ്റയിൽസും വെയറബിൾ ഇലക്ട്രോണിക്സും**

വെയറബിൾ ഇലക്ട്രോണിക്സ്




**ഇന്റലിജെന്റ് തെർമോമീറ്റർ**



**സ്മാർട്ട് ബ്ലഡ് പ്രഷർ മോണിറ്റർ**




**പേഷ്യന്റ് സ്റ്റാറ്റസ് എഞ്ചിൻ**

ആധിപത്യം സ്ഥാപിക്കുവാൻ പോകുന്ന മറ്റൊരു മേഖലയാണ് ടെക്സ്റ്റയിൽസിന്റേത്. നാളെയുടെ വസ്ത്രങ്ങൾ ഇന്റഗ്രേറ്റഡ് സർക്യൂട്ടുകളാൽ സമ്പന്നമായ ഒന്നായിരിക്കും. വൈദ്യുത പാതകളുള്ളതും സെൻസറുകൾ കൂട്ടിയിണക്കപ്പെട്ടിട്ടുള്ളതുമായ ഇത്തരം വസ്ത്രങ്ങളിൽ കമ്പ്യൂട്ടിങ്ങ്- കമ്യൂണിക്കേറ്റിങ്ങ് പവർ സഹജമായുണ്ടായിരിക്കും എന്നതാണ് സവിശേഷതകളിൽ പ്രധാനം. ഏസ്തറ്റിക്, പെർഫോർമൻസ് എൻഹാൻസിങ് എന്നിങ്ങനെ രണ്ട് തരത്തിലുണ്ടിവ. ഏസ്തറ്റിക് ആയ ഫേബ്രിക് ലൈറ്റ് ഉല്പാദിപ്പിക്കുകയും നിറം മാറുകയുമൊക്കെ ചെയ്യുവാൻ ഇവയ്ക്കാകും. എന്നാൽ പെർഫോർമൻസ് എൻഹാൻസിങ് വിഭാഗത്തിൽ പെടുന്നവയാകട്ടെ കായികരംഗത്തും പ്രതിരോധ രംഗത്തും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നവയാണ്. ഹെൽത്ത് മോണിട്ടറിങ്ങും മെഡിക്കൽ അസിസ്റ്റൻസും സാധ്യമാക്കുവാനുള്ള സ്മാർട്ട് ടെക്സ്റ്റയിൽ ടെക്നോളജിയിൽ ടെക്സ്റ്റയിൽ സെൻസറുകളും അഡ്വാൻസ്ഡ് സിഗ്നൽ പ്രോസസിങ്ങ് ടെക്നിക്കുകളും ടെലികമ്യൂണിക്കേഷൻ നെറ്റ്‌വർക്കുകളും ഒത്തുചേരും. ഈ ആശയത്തിന് പിന്നാലെയാണ് വെൽത്തി പ്രോജക്ട്.

സിവിൽ ഫൈറ്റേഴ്സിനും ഫയർ പ്രൊട്ടക്ഷൻ വർക്കേഴ്സിനും വേണ്ടിയുള്ള ഹാർട്ട് റേറ്റ് മോണിറ്ററിങ്ങ്, ടെമ്പറേച്ചർ മെഷർമെന്റ് തുടങ്ങിയ സൗകര്യങ്ങളുള്ള വയർലെസ്സ് സ്മാർട്ട് ടെക്സ്റ്റൈൽ ടെക്നോളജിക്ക് ഒരു ഉദാഹരണമാണ് പ്രോയിടെക്സ്. ഇറുക്കമുള്ളൊരു ടീ ഷർട്ടും ഒരു വെയറബിൾ ഇന്റർഫേസും ചേരുന്നതാണ് ഒരു പ്രോയിടെക്സ് പ്രോട്ടോടൈപ്പ്.

**9. ആന്റി ഡ്രോൺ ഗാർമെന്റും മൊബൈൽ പോക്കറ്റും**


ധരിച്ചിരിക്കുന്നയാളിന്റെ തെർമൽ സ്ഗ്നേച്ചർ മറച്ച് പിടിക്കുക വഴി നിരീക്ഷണ വിമാനങ്ങളുടെ (ഡ്രോണുകൾ) തെർമൽ ഇമേജുകളെ വഴി തെറ്റിക്കുന്ന സ്റ്റെൽത്ത് വെയർ എന്ന ആന്റി ഡ്രോൺ ഗാർമെന്റ് മറ്റൊരു ഉദാഹരണമാണ്. മെറ്റലൈസ്ഡ് ഫേബ്രിക് ഉപയോഗപ്പെടുത്തി തയ്യാറാക്കുന്ന ഈ ഗാർമെന്റിനൊപ്പം മൊബൈൽ പോക്കറ്റ് എന്ന ഗാർമെന്റും പുറത്തിറങ്ങുകയാണ്. ഇതിൽ മൊബൈൽ ഫോൺ വച്ചിരുന്നാൽ ഇൻകമിങ്ങ്/ ഔട്ട് ഗോയിങ്ങ് കോളുകൾ തനിയെ ബ്ലോക്ക് ചെയ്യപ്പെടും. ചില സന്ദർഭങ്ങളിൽ ഉപകാരപ്പെടുന്നയൊന്നാണിത്.

**10. സ്മാർട്ട് അണ്ടർവെയർ**

ശൈത്യ മേഖലകളിലെ താമസത്തിനും സഞ്ചാരത്തിനും ഉപകാരപ്പെടുന്ന ഇ അണ്ടർ ഗാർമെന്റ്സ് അണിയറയിലൊരുങ്ങുന്നുണ്ട്. ഹീറ്റിങ്ങ് കോയിൽ വയറുകളും ബാറ്ററി പാക്കുകളും ചാർജ്ജർ യൂണിറ്റുകളും എല്ലാം ഒന്നൊന്നായി ചേർത്തുണ്ടാക്കുന്ന വാമെക്സ് ആണ് ഈ നിരയിലാദ്യത്തേത്. വേൾഡ് വൈഡ് പേറ്റന്റ് സ്വന്തമാക്കിയ ഈ ഫേബ്രിക്കിൽ സിൽവർ കോട്ടഡ് ഫൈബറാണ് പ്രധാന ഘടകമായുള്ളത്. തണുപ്പകറ്റി ശരീരത്തിന് ചൂടു പകരുക എന്നതാണ് ഇതിന്റെ ദൗത്യം. പ്രതിരോധ മേഖലകളിൽ ഏറ്റവും ഉപകാരപ്പെടുന്നയൊന്നാണിത്. വാമെക്സ്



**ടോക്കിങ്ങ് ഷൂസ്**



**സ്മാർട്ട് ടെക്സറ്റയിൽസ്**

ഗിമ്പിൽ എന്ന ജർമൻ കമ്പനിയാണ് ഇതിന്റെ നിർമാതാക്കൾ.

**11. സോക്സും സ്മാർട്ട്**

ഓട്ടക്കാർക്ക് പറ്റിയ വെയറബിളാണ് സ്മാർട്ട് സോക്സ്. ഓടുമ്പോഴത്തെ സമ്മർദ്ദം പ്രഷർ സെൻസറുകളുപയോഗിച്ച് കണക്കാക്കി സ്റ്റാമിനയെക്കുറിച്ചുള്ള വിവരങ്ങൾ ഇവ നൽകും. ഓൺലൈൻ വിപണിയിൽ ഇപ്പോൾത്തന്നെ ഈ പ്രോഡക്ട് ലഭ്യമാണ്. സെൻസറുകൾ ഘടിപ്പിച്ച ബനിയനുകളും സെൻസോറിയ എന്ന ഈ ബ്രാന്റിൽ ലഭ്യമാണിന്ന്.

**12. മോയിസ്ചറൈസിങ്ങ് ജീൻസ്**

മഞ്ഞ് കാലത്ത് ജീൻസ് ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ചർമ്മ വരൾച്ച തടയുന്നതിനുള്ള സംവിധാനങ്ങളുള്ളതാണ് ഈ ജീൻസ്. ഇതിന്റെ ഉള്ളിൽ തൊലിയെ സ്പർശിക്കുന്ന ഭാഗത്ത് ഒട്ടേറെ മൈക്രോ ക്യാപ്സൂളുകളുണ്ട്. ഈ ജീൻസ് ധരിക്കുന്നവർ നടക്കുമ്പോൾ ഈ ക്യാപ്സൂളുകൾ ഉരഞ്ഞ് പൊട്ടി ഉള്ളിലുള്ള വിറ്റാമിൻ അടങ്ങിയ സത്ത് വെളിയിൽ വന്ന് ത്വക്കിന് പുതുജീവൻ നൽകും.

എൽ. ഇ. ഡി. ജാക്കറ്റുകളും ബൈസൈക്കിൾ ഹെൽമറ്റും ത്രീ ഡി ഷൂവുമൊക്കെയായി സ്മാർട്ട് ടെക്സ്റ്റയിൽസിന്റെ മേഖല അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നു. കഴുത്തിന് ചുറ്റും സംരക്ഷണ കവചമായി മാറുന്ന എയർ ബാഗ് ഉൾപെടെ അനവധി സെൻസറുകളും ആക്ചേറ്ററുകളും തുന്നിച്ചേർത്ത് സ്വീഡിഷ് കമ്പനിയായ ഹോവ്ക്കിങ്ങ് രൂപപ്പെടുത്തിയതാണ് ബൈസൈക്കിൾ ഹെൽമറ്റ്. സാധാരണ മറഞ്ഞിരിക്കുകയും അപകടമുണ്ടാകുമ്പോൾ പ്രവർത്തന സജ്ജമാകുകയും ചെയ്യുന്ന പ്രത്യേക എയർബാഗ് തലയേയും കഴുത്തിനേയും ക്ഷണനേരം കൊണ്ട് സുഭദ്ര കവചത്തിലാക്കത്തക്ക വിധത്തിൽ രൂപകൽപന ചെയ്തിരിക്കുന്ന ഇത് ഒരു സ്മാർട്ട് ടെക്സ്റ്റയിൽ ഉല്പന്നമാണ്.

**13. ഗെയിമിങ്ങ്**

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന വ്യവസായമാണ് ഗെയിമിങ്ങിന്റേത്. ഗെയിമിങ്ങ് രംഗത്താണ് വെയറബിൾസിന്റെ ഒരു




**സ്മാർട്ട് സോക്സ്**

പ്രധാനപ്പെട്ട കടന്നുകയറ്റം ഉണ്ടായിരിക്കുന്നത്. നഗരങ്ങളിലെ ഏതാണ്ടെല്ലാ ഗെയിമിങ്ങ് സ്റ്റേഷനുകളും വെയറബിളുകൾ ഉപയോഗിക്കുന്നുണ്ട്. 2007 ൽ തന്നെ മൈക്രോസോഫ്റ്റ് ഓഗ്മെന്റഡ് റിയാലിറ്റി ഗ്ലാസുകൾ പുറത്തിറക്കിയിരുന്നു. ഏത് സ്ഥലത്തിരിക്കുമ്പോഴും വേറൊരു ലോകത്തേക്ക് ഡിജിറ്റലി എത്തിക്കുവാൻ കഴിവുള്ളതാണിത്.

ഗൂഗിളിന്റെ ഗൂഗിൾ ഗ്ലാസ് ഇതിനോടകം തന്നെ പ്രസിദ്ധമായിക്കഴിഞ്ഞു. ഒപ്റ്റിക്കൽ ഹെഡ് മൗണ്ടഡ് ഡിസ്പ്ലേയോടു കൂടിയ ശരീരത്തിൽ ധരിക്കാവുന്ന കമ്പ്യൂട്ടറാണ് ഗൂഗിൾ ഗ്ലാസ്. സ്മാർട്ട് ഫോണുകളോട് സാമ്യതയുള്ളതും കൈ തൊടാതെ ഉപയോഗിക്കാവുന്നതുമായ രീതിയിലാണിത്. ഗൂഗിൾ ഗ്ലാസിൽ ഇപ്പോൾ അഞ്ച് ഗെയിമുകളാണ് ഉൾപെടുത്തിയിട്ടുള്ളത്. ഗൂഗിൾ ഗ്ലാസിന് ലഭിച്ച മികച്ച പ്രതികരണം ഗെയിമിനും ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ഗൂഗിൾ. ടെന്നീസ് ബാലൻസ്, ക്ലേ ഷൂട്ടർ, മാച്ചർ, ഷേപ് സ്പ്ലിറ്റർ എന്നീ ഗെയിമുകളാണ് ഉള്ളത്. പരീക്ഷണം വിജയിച്ചാൽ കൂടുതൽ ഗെയിമുകൾ ഉൾപെടുത്തുമെന്നാണ് കമ്പനി അറിയിച്ചിരിക്കുന്നത്.

ഗെയിമിങ്ങിനുപയോഗിക്കുന്ന ഒരു പവർ ഗ്ലൗസ് ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. കമാന്റുകൾ കൊടുക്കുവാനുള്ള ബട്ടണുകളുമെല്ലാം ഇതിൽ തന്നെയുള്ള രീതിയിലാണ് ഇത് ഡിസൈൻ ചെയ്യപ്പെട്ടിട്ടുള്ളത്.

ഗൂഗിൾ കാർഡ് ബോർഡ് ആമുഖങ്ങൾ

ആവശ്യമില്ലാത്തയൊന്നാണ്. ഗെയിമിങ്ങിന്റെ വ്യത്യസ്ത അനുഭവമാണ് ഇത് പ്രദാനം ചെയ്യുന്നത്. ഇതിനായുള്ള പ്രത്യേക ആപ്പുകളും നിലവിലുണ്ട്. വിർച്വൽ റിയാലിറ്റിയുടെ പ്രായോഗിക തലമായ ഇത് വെയറബിൾ ടെക്നോളജിയുടെ ഉത്തമ ഉദാഹരണമാണ്. ഇത് വാങ്ങുകയോ സ്വന്തമായി നിർമിക്കുകയോ ചെയ്യാം.

ഗെയിമിങ്ങിൽ തലച്ചോറിന്റെ ചലനങ്ങൾ തിരിച്ചറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കുവാൻ കഴിവുള്ള വെയറബിളുകൾ നിർമിക്കുവാനാണ് ഇപ്പോൾ മുൻനിര കമ്പനികളുടെ ശ്രമം.

**14. വിദ്യാഭ്യാസവും വെയറബിൾസും**

ഗൂഗിൾ ഗ്ലാസ് പോലുള്ളവ വിനോദത്തിനായി മാത്രമല്ല



വിദ്യാഭ്യാസത്തിനായും ഉപയോഗപ്പെടുത്തുവാൻ കഴിയും. വീഡിയോ ട്യൂട്ടോറിയലുകളുപയോഗിച്ചുള്ള പഠനത്തിന് ഇത് ഉപയോഗപ്പെടുത്തുവാൻ കഴിയും. അപകടകരമായ പല വസ്തുക്കളും കണ്ട് പഠിക്കുവാനുള്ള അവസരമാണ് വിയറബിളുകളുടെ ഉപയോഗത്തിലൂടെ കൈവരുക. തീർത്തും ദുർലഭമായ പല വസ്തുക്കളും ഇത്തരത്തിൽ കണ്ട് പഠിക്കുവാൻ ഇതുവഴി കഴിയും. തവളയെ കീറി മുറിക്കുന്നത് വിഷയങ്ങളിലെ ധാർമികപ്രശ്നങ്ങൾക്ക് പരിഹാരമാകുവാനും ഇതുവഴി കഴിയും. വിർച്വൽ റിയാലിറ്റിയാണ് ഇവിടെ തുണയാകുക. ആർക്കിടെക്ചർ, വൈദ്യശാസ്ത്രപഠനം എന്നിവയിലൊക്കെ ഇത് ഉപയോഗിക്കുവാൻ കഴിയും. വെർച്വൽ ക്യാമ്പസുകളും ഇ ലേണിങ്ങുമൊക്കെ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് വെയറബിൾ ടെക്നോളജിയുടെ വികാസം ഏറെ മാറ്റങ്ങളുണ്ടാക്കുവാൻ പര്യാപ്തമാണ്.

## വെയറബിൾ ടെക്നോളജിയുടെ ഭാവി

ലോകം അനുദിനം മാറിക്കൊണ്ടിരിക്കുമ്പോൾ ഈ സാങ്കേതികവിദ്യയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുവാനായി കാൻപൂർ ഐ. ഐ. ടി യിൽ 1330 മില്യൺ രൂപയോളം മുതൽ മുടക്കുള്ള ഫ്ളെക്സിബിൾ ഇലക്ട്രോണിക്സ് സെന്റർ പ്രവർത്തന സജ്ജമായത് അടുത്ത കാലത്താണ്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയും കേന്ദ്ര ഗവൺമെന്റും പൂർണപിന്തുണ പ്രഖ്യാപിച്ചിട്ടുള്ള ഈ പദ്ധതി ഇന്ത്യയുടെ ഫ്ളെക്സിബിൾ/ വെയറബിൾ ഇലക്ട്രോണിക്സിനും സ്മാർട്ട് ടെക്സ്റ്റൈൽ ടെക്നോളജിക്കും ഏറെ പ്രതീക്ഷ നൽകുന്ന ഒരുഗ്രൻ തുടക്കം തന്നെയാണ്.

ആമസോണിന്റെ ഇന്ത്യൻ സ്റ്റോറിൽ മാത്രമല്ല, സ്നാപ് ഡീലിലും, ഫ്ളിപ് കാർട്ടിലും വരെ ഇപ്പോൾ വെയറബിൾ ഡിവൈസുകളുടെ ഓൺലൈൻ വിൽപന തകൃതിയാണ്. അടുത്തിടെ യു. എസ്. ഗവൺമെന്റ് ഫ്ളെക്സ്ടക് അലയൻസിന് രൂപം കൊടുത്തുകഴിഞ്ഞു. യുദ്ധക്കളത്തിലേക്ക് നീങ്ങുവാൻ കരുത്തുള്ള മിലിട്ടറി ഗ്രേഡ് വെയറബിൾ ടെക്നോളജിയുടെ വികസനമാണ് പ്രധാന അജണ്ട. ആപ്പിൾ, ബോയിങ്ങ്, ഹാർഡ് വാർഡ് എന്നിങ്ങനെ നീളുന്ന ടെക്ഭീമന്മാരുടെ ഒരു കൺസോർഷ്യമാണ് ഇതിനെ നിയന്ത്രിക്കുന്നത്. 75 മില്യൺ ഡോളറിന് മുകളിലാണ് ഇതുവരെ ഇതിൽ പെന്റഗണിന്റെ ഇൻവെസ്റ്റ്മെന്റ്. യു. എസ്. എയർഫോഴ്സ് റിസർച്ച് ലാബിന്റെ സംഭാവന 90 മില്യൺ ഡോളർ വരും.

ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ നവ സംരംഭകരെ സൃഷ്ടിക്കുന്ന ഇടങ്ങളായും കൂടെ പരിണമിക്കുന്ന ഈ കാലഘട്ടത്തിൽ ഗവേഷണ സൗകര്യമുള്ള കലാശാലകൾക്ക് ഉന്നം വെക്കാവുന്ന മേഖല തന്നെയാണ് വെയറബിൾ ഇലക്ട്രോണിക്സിന്റേത്.

# ആലപ്പുഴ ജില്ലയിൽ വ്യവസായ മേഖലയ്ക്ക് ഉണർവ് നൽകി വ്യവസായ സംരംഭകത്വ വികസന പരിശീലന പരിപാടി സംഘടിപ്പിച്ചു



കേരള സംസ്ഥാന സർക്കാർ വ്യവസായ മേഖലയിൽ നടത്തിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ആലപ്പുഴ ജില്ലാ വ്യവസായകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സംരംഭകത്വ വികസന പരിശീലന പരിപാടി ജൂൺ 21-ാം തീയതി മുതൽ ജൂലൈ 7 വരെ ജില്ലാ വ്യവസായകേന്ദ്രത്തിൽ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നവ വ്യവസായ സംരംഭകരെ ഉൾപെടുത്തി നടത്തിയ പരിപാടിയിൽ 55 സംരംഭകർ പങ്കെടുക്കുകയുണ്ടായി.

ജൂൺ21-ാം തീയതി രാവിലെ 10 മണിക്ക് ആലപ്പുഴ മുനിസിപ്പിൽ കൗൺസിലർ ശ്രീജിത്രയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആലപ്പുഴ മുൻസിപ്പൽ ചെയർമാൻ തോമസ് മാത്യു പരിപാടി ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടന യോഗത്തിൽ ആർ. സുരേഷ് ബാബു സ്വാഗതം ആശംസിക്കുകയും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. യോഗത്തിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് മാനേജർ അജിമോൻ. കെ. എസ് പ്രസംഗിച്ചു. വ്യവസായം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് ഇത്തരം പരിശീലന പദ്ധതികൾ വളരെ പ്രയോജനമാണെന്നും ഇവിടെ ലഭിക്കുന്ന അറിവുകൾ പരമാവധി പ്രാവർത്തികമാക്കണമെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ ശ്രീജിത്ര അഭിപ്രായപ്പെട്ടു.

സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ജനങ്ങളിൽ എത്തിയാൽ മാത്രമേ പദ്ധതികൾ പൂർണ്ണത കൈവരിക്കൂ എന്നും ഇത്തരം പരിശീലന പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നതിൽ ടി പരിശീലന പരിപാടി വിജയപ്രദമാകട്ടെ എന്നും ഉദ്ഘാടകൻ ആശംസിച്ചു. ആലപ്പുഴ ജില്ലയിൽ സാധ്യതയുള്ള വ്യവസായ പദ്ധതികളെക്കുറിച്ച് ഒരു വ്യവസായി കൂടിയായ അദ്ധ്യക്ഷൻ വിശദീകരിച്ചത് സംരംഭകർക്ക് ഉത്തേജനമായി. ഒരു വ്യവസായം ആരംഭിക്കുന്നതിൽ മുൻകാലങ്ങളിലുണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ചും നിലവിലുള്ള സുഗമമായ മാർഗങ്ങളെക്കുറിച്ചും ഉദ്ഘാടകൻ വിശദീകരിച്ചു. ഇത്തരം പരിശീലന പദ്ധതികൾ സംഘടിപ്പിക്കുന്ന വകുപ്പിനും പ്രത്യേകിച്ച് ജില്ലാ വ്യവസായകേന്ദ്രത്തിനും പ്രത്യേകം അഭിനന്ദനങ്ങൾ അർപിച്ചു കൊണ്ടാണ് അദ്ദേഹം ഉദ്ഘാടനപ്രസംഗം അവസാനിപ്പിച്ചത്.

കേരളത്തിൽ വ്യവസായവൽക്കരണം കൊണ്ടുമാത്രമേ സുസ്ഥിരമായ വികസനലക്ഷ്യം സാധ്യമാകൂ എന്ന് മുഖ്യ പ്രാസംഗിക ലൗലി യോഗത്തിൽ

അഭിപ്രായപ്പെട്ടു. ലഭ്യമായ വിഭവ സ്രോതസുകൾ പരമാവധി ഉപയോഗിച്ചുകൊണ്ട് പരമാവധി വ്യവസായങ്ങൾ ആലപ്പുഴ ജില്ലയിൽ കൊണ്ടു വരുന്നതിന് വ്യവസായ സംരംഭകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്ത് കൊണ്ടാണ് എം. വി. ലൗലി പ്രസംഗം ആരംഭിച്ചത്.

കേരളം ഒരു വ്യവസായ നിക്ഷേപക സൗഹാർദ്ദ സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് നമുക്ക് ഓരോരുത്തർക്കും നിർണായകമായ പങ്കുണ്ടെന്ന് പ്രാസംഗിക അഭിപ്രായപ്പെട്ടു. വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും വിശദീകരിച്ചപ്പോൾ നിർത്താത്ത കരഘോഷത്തോടെയാണ് പ്രസംഗത്തെ കേട്ടിരുന്നത്. സംസ്ഥാന സർക്കാർ പുതിയതായി നടപ്പിലാക്കി വരുന്ന ഗാർഹിക സംരംഭങ്ങൾക്കുള്ള സബ്സിഡി, ഇൻഷുറൻസ് പദ്ധതികൾ തുടങ്ങിയവയെപ്പറ്റി പ്രസംഗിച്ചത് പര്യാപ്തമായി.

കേരളത്തിന്റെ സമഗ്രമായ വികസനം വ്യവസായ വികസനത്തിലൂടെ മാത്രമേ സാധ്യമാകൂ എന്ന് ആശംസപ്രാസംഗികൻ സനിൽകുമാർ, മാനേജർ യോഗത്തെ ഓർമിപ്പിച്ചു. കൂടാതെ ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നതിന്റെ ബുദ്ധിമുട്ടുകളും അത് വിജയിപ്പിക്കുന്നതിന് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും മാനേജരായ അബ്ദുൾ സലാം യോഗത്തിൽ വിശദീകരിച്ചു. പ്രതിസന്ധികളെ തരണം ചെയ്തവർ മാത്രമേ വ്യവസായ മേഖലയിൽ വിജയിക്കൂ എന്ന് ആശംസാപ്രാസംഗികർ യോഗത്തെ അറിയിച്ചു. മുൻവർഷങ്ങളിൽ ജില്ലാ വ്യവസായകേന്ദ്രം വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിലയിരുത്തലോടെയാണ് ആശംസാ പ്രാസംഗികൻ അജിമോൻ, മാനേജർ പ്രസംഗം ആരംഭിച്ചത്. എല്ലാ പദ്ധതികളിലും ആലപ്പുഴ ജില്ലാ വ്യവസായകേന്ദ്രം ലക്ഷ്യം പൂർത്തീകരിച്ചതായും അതിന് സഹായിച്ച മുഴുവൻ സംരംഭകർക്ക് അദ്ദേഹം നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

ടൂറിസത്തിന് പേരുകേട്ട ജില്ലയാണ് ആലപ്പുഴ എന്നും അതുകൊണ്ട് ആ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വ്യവസായത്തിന് വൻസാധ്യത ഉണ്ടെന്നും സ്വാഗതപ്രാസംഗികൻ ആർ. സുരേഷ് ബാബു യോഗത്തെ ഓർമിപ്പിച്ചു. കൂടാതെ ഭക്ഷ്യമേഖലയിലുള്ള വ്യവസായങ്ങൾക്കും ഗാർഹിക വ്യവസായങ്ങൾക്കും ശോഭനമായ ഭാവി ജില്ലയിൽ ഉണ്ടെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.



തദ്ദേശ സ്വയംഭരണ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ് ഭക്ഷ്യ സുരക്ഷാ വകുപ്പ്, പരിസ്ഥിതി മലിനീകരണ വകുപ്പ് ബാങ്ക്, വിവിധ ഏജൻസികൾ എന്നിവരെ ഉൾപെടുത്തി 15 ദിവസം നീണ്ട പരിശീലന പരിപാടി ജൂൺ 7-ാം തീയതി സമാപിച്ചു. സമാപന യോഗത്തിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും എല്ലാ സംരംഭകർക്കും ശോഭനമായ ഒരു ഭാവി ആശംസിക്കുകയും ചെയ്തു.

നവ സംരംഭകർക്ക് വ്യവസായ സംരംഭങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ധാരണയും നൽകുന്നതിന് ഈ പരിപാടി സഹായിച്ചതായി പരിശീലനാർത്ഥികൾ ഒന്നടങ്കം അഭിപ്രായപ്പെട്ടു.

# ഊർജ്ജമിത്ര സംരംഭക പരിശീലന പരിപാടി സംഘടിപ്പിച്ചു




കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ അനെർട്ട് സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത സംരംഭകർക്ക് വേണ്ടി കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സംഘടിപ്പിക്കുന്ന ത്രിദിന സംരംഭകത്വ പരിശീലന പരിപാടി ആരംഭിച്ചു. 35 പേരടങ്ങുന്ന ആദ്യ ബാച്ചിന്റെ പരിശീലനം പരിപാടി കീഡിന്റെ കളമശ്ശേരി ആസ്ഥാന ഓഫീസിൽ കെ. എം. എം. എൽ & റിയാബ് ചെയർമാൻ എം. പി. സുകുമാരൻ നായർ ഉദ്ഘാടനം ചെയ്തു.

കീഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ. സലാഹുദ്ദീൻ, അനെർട്ട് പ്രോഗ്രാം ഓഫീസർ ജയചന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. സോളാർ ലാന്റേൺ, സോളാർ ഹോം ലൈറ്റിംഗ്, ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ്, ഓൺഗ്രിഡ് സോളാർ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, സോളാർ വാട്ടർ ഹീറ്റർ, വിറകടുപ്പുകൾ എന്നിവപോലെ ജനങ്ങൾക്കനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും സാങ്കേതിക സഹായങ്ങൾക്കും ഉപകരണങ്ങളുടെ സമയബന്ധിത പരിപാലനത്തിനും ഉതകുന്ന സേവനം ലഭ്യമാക്കുകയാണ് അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററുകൾ വഴി നടത്തുന്നതെന്ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇ. സലാഹുദ്ദീൻ അറിയിച്ചു.



# തൃശൂരിൽ ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം തുടങ്ങി

തൃശൂരിൽ ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. പ്രോഗ്രാമിന്റെ ഉദ്ഘാടനം തൃശൂർ അസി. കളക്ടർ കെ. പ്രേംകൃഷ്ണൻ ഐ. എ. എസ് നിർവഹിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കെ. എസ്. കൃപകുമാർ അദ്ധ്യക്ഷത വഹിച്ചു. മാനേജർമാരായ ടി. എസ്. ചന്ദ്രൻ, എസ്. സജി, അസി. ഡയറക്ടർ ആർ. സമിതി, അസി. ജില്ലാ വ്യവസായ ഓഫീസർ ജി. പ്രണാബ്, കെ. ജി. ഗീത എന്നിവർ ഉദ്ഘാടനയോഗത്തിൽ സംബന്ധിച്ചു. ഭക്ഷ്യ സംസ്കരണ മേഖലയാണ് സാങ്കേതിക പരിശീലനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റാണ് ഈ മേഖലയിൽ പരിശീലനം നൽകുന്നത്. ഐസക് സിങ്ങിന്റെ നേതൃത്വത്തിൽ 8 ദിവസത്തെ ഐ. എൽ. ഒ മോഡൽ സംരംഭകത്വ പരിശീലന പരിപാടിയും നടക്കും.

ഭക്ഷ്യ സംസ്കരണ രംഗത്തുള്ള അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ യുവതീയുവാക്കൾ മുന്നിട്ടിറങ്ങണമെന്നും കാർഷിക മേഖല അതുവഴി കൂടുതൽ ശക്തിപ്പെടുമെന്നും ഉദ്ഘാടകൻ തന്റെ സന്ദേശത്തിൽ പറഞ്ഞു.



## വ്യവസായ വാണിജ്യ വകുപ്പിന്റെ

# ജിയോ പോർട്ടലിന് ദേശീയ അംഗീകാരം

വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളുടെ സ്ഥിതിവിവര ശേഖരണത്തിനായി രൂപകൽപന ചെയ്ത വ്യവസായ ജാലകം (ജിയോ- റ്റാഗ്ഡ് ഡാറ്റാ ബേസ്) രാജ്യത്തെ ഏറ്റവും വലിയ സ്വതന്ത്ര സിവിലിയൻ ബഹുമതിയായ സ്കോച്ച്- ഓർഡർ ഓഫ് മെറിറ്റ് (ഗവേണൻസ് വിഭാഗത്തിൽ) കരസ്ഥമാക്കി. ന്യൂഡൽഹിയിലെ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ് ഓഫ് ഇന്ത്യയിൽ വച്ച് നടത്തപ്പെട്ട മാതു സ്കോച്ച് സമ്മിറ്റിൽ വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ കെ. എസ്. പ്രദീപ് കുമാർ പുരസ്കാരം ഏറ്റുവാങ്ങി. രാജ്യത്തെ ഏറ്റവും മികച്ച സർക്കാർ സേവനങ്ങളെ/ സംരംഭങ്ങളെ വിവിധങ്ങളായ മേഖലകളിൽ (സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, ഭരണ പരിഷ്കാരം മുതലായവ) ഉൾകൊള്ളിച്ച് ഏറ്റവും മികച്ചവയ്ക്കാണ് ഈ പുരസ്കാരം നൽകിവരുന്നത്.








## പരസ്യനിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം




എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം – 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Regn.No.KL/TV(N)/183/2016-2018
Volume 51 Issue 4
September 2018

# Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd September 2018

## SUPREME NARROW FABRICS
The Best Narrow Fabric Company

- Luggage Tapes
- Bag Tapes
- Mattress Tapes
- Surgical Tapes
- Cotton Webbings
- Garment Tapes
- Knitted Elastics
- Foot wear Tapes
- Poly Propylene Tapes












**KERALA**
10/837 "Jyothis", Thevarmani,
Chathamangalam P.O., Nemmara
Palakkad Dist., Kerala 678508
**Ph: 04923 241071, Mob: 9341259585**
E mail: msajumohan@gmail.com
Web: www.narrowfabrics.in

**KARNATAKA**
No.88/4, Kupendra Reddy Industrial Layout
Singasandra, Hosur Road, Bangalore 560068 INDIA
**Ph: 08025744348, 08025744349**
**Mob: 09341259585**
E mail: sales@supremetextiles.net
Web: www.supremetextiles.net

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor : Baiju R.S.